കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെടുമങ്ങാട് നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ.2053/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 03.11.2017
Phone No: 0471-2331231
Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

നെടുമങ്ങാട് മുിസിപ്പാലിറ്റി

സർ,

വിഷയം : നെടുമങ്ങാട് മുനിസിപ്പാലിറ്റി- 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,
ഒപ്പ്/-

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശസ്വയം ഭരണവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)

4) റീജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം.

5) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ.2053/2017 തീയതി: 03.11.2017

## തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നഗരസഭയുടെ 2016-17

## സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ നഗരപാലികാ നിയമം - വകുപ്പ് 295(4), 1994 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ10.12.16 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു (31-03-17 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ്/ബാങ്ക് പാസ്സ് ബുക്ക് മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയുള്ളൂ).

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മോഹനൻ പിള്ള. വി.എം, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.08.2017 മുതൽ 26.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ശ്രീജ.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.ഷിബു.ടി., ഓഡിറ്റ് ഓഫീസർ<br>ശ്രീ.പ്രേംനാഥ്.ജി.കെ., ഓഡിറ്റർ (സീ.ഗ്രേ)<br>ശ്രീമതി.ശാലിനി.വി.കെ, ഓഡിറ്റർ (സീ.ഗ്രേ)<br>ശ്രീമതി.രേഖ.സി.എസ്., ഓഡിറ്റർ (സീ.ഗ്രേ)<br>ശ്രീമതി.തനുജാ.എം.എൻ, ഓഡിറ്റർ (സീ.ഗ്രേ) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ചെറ്റച്ചൽ സഹദേവൻ | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എസ്.ജഹാംഗീർ | 01.04.2016 മുതൽ 31.12.2016 വരെ |
| | ശ്രീ.കെ.മുരളീധരൻ, സൂപ്രണ്ട് (ചാർജ്) | 01.01.2017 മുതൽ 04.01.2017 വരെ |
| | ശ്രീമതി.ബീന.എസ്.കുമാർ | 05-01-2017 മുതൽ 31-03-2017 വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്റിനറി സർജൻ | ഡോ.എസ്.എസ്.ഗിരി | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ് | ശ്രീ.ശരത് ചന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.ഉഷാകരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| എസ്.സി.ഡി.ഒ | പ്രശാന്തൻ ഇ.പെരേര | 01.04.2016 മുതൽ 31.03.2017 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.ഷിജു ചന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അംബിക അന്തർജ്ജനം | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീ.സുദർശനൻ | 01.04.2016 മുതൽ 31.03.2017 വരെ |
| പ്രോജക്ട് ഓഫീസർ | ശ്രീ.പി.വി.ജിജു | 01.04.2016 മുതൽ 31.03.2017 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുനിൽ.കെ.ആർ | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 12 | സാംഖ്യ രസീതുകൾക്ക് പകരം മാന്വൽ രസീതുകൾ | 2-1 |
| 13 | പണമൊടുക്ക്- ചട്ടങ്ങൾ പാലിക്കുന്നില്ല | 2-2 |
| 14 | വസ്തു നികുതി പരിഷ്കരണം ഇഴഞ്ഞ് നീങ്ങുന്നു | 2-3 |
| 15 | വസ്തുനികുതി -കണക്കാക്കിയതിൽ അപാകതകൾ നഗരസഭയ്ക്ക് നികുതി നഷ്ടം | 2-4 |
| 16 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-5 |
| 17 | തൊഴിൽ നികുതി- അപാകതകൾ | 2-6 |
| 18 | കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപങ്ങളിൽ നിന്ന് സർവീസ് ചാർജ്ജ് ഈടാക്കുന്നില്ല | 2-7 |
| 19 | സ്ഥാപനനികുതി ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം | 2-8 |
| 20 | ഷോപ്പിംഗ് കോംപ്ലക്സ്- വാടക ഈടാക്കിയിട്ടില്ല | 2-9 |
| 21 | വാഹനങ്ങൾ പാർക്ക് ചെയ്യാത്ത പാർക്കിംഗ് ഗ്രൗണ്ട് | 2-10 |
| 22 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അൺഎയ്ഡഡ് സ്ഥാപനങ്ങൾ- നഗരസഭയ്ക്ക് നഷ്ടം | 2-11 |
| 23 | ഡി. ആന്റ് ഒ. ലൈസൻസ്- അപാകങ്ങൾ | 2-12 |
| | ഭാഗം – 3 | |
| 24 | നെടുങ്ങാട് മാർക്കറ്റ് – ശോചനീയാവസ്ഥയിൽ – ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം - ശുചിത്വമിഷൻ സംഭാവനയുമുൾപ്പെടെ 421325/-രൂപ പാഴ് ചെലവായി . | 3-1 |
| 25 | ടൗൺ മാർക്കറ്റ് ശുചീകരണം-നിർവ്വഹണത്തിൽ പോരായ്മകൾ | 3-2 |
| 26 | ആയുർവേദ മരുന്നുകൾ വാങ്ങിയതിൽ കരാർ നടപടികളിൽ അപാകത, മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. | 3-3 |

| | | |
|---|---|---|
| 27 | കൊതുക് നിവാരണ പദ്ധതി – കരാർചട്ടങ്ങൾ പാലിച്ചിട്ടില്ല. | 3-4 |
| 28 | പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കുന്നില്ല-മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിപാലിക്കുന്നില്ല-ചട്ട വിരുദ്ധം. | 3-5 |
| 29 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല- തുക പിഴപ്പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ് | 3-6 |
| 30 | ജനറേറ്റർ -ഡീസൽ നിറയ്ക്കുന്നതിന് കണക്കില്ല | 3-7 |
| 31 | ചേമ്പുപണ റോഡ് പാർശ്വഭിത്തി നിർമ്മാണവും ഇന്റർലോക്കിംഗ് ചെയ്യലും- പദ്ധതി നടത്തിപ്പിൽ അപാകം- പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സാധിച്ചില്ല–10000/-രൂപ പിഴ ഈടാക്കി ഒടുക്കിയ രേഖകൾ ലഭ്യമാക്കിയില്ല. | 3-8 |
| 32 | കണ്ണാറംകോട്-കല്ലടിമുക്ക് നടപ്പാത കോൺക്രീറ്റിംഗ് നടപടി ക്രമങ്ങളിൽ അപാകം- ചെലവ് തുക 473880 രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 3-9 |
| 33 | മരാമത്ത് പ്രവൃത്തികൾ- അവലോകനം | 3-10 |
| 34 | കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ- അപാകങ്ങൾ | 3-11 |
| 35 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല- അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-12 |
| 36 | പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് വയറിംഗ് മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-13 |
| 37 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളലെ-അപാകങ്ങൾ | 3-14 |
| 38 | അങ്കണവാടി ജീവനക്കാർക്കുള്ള അധിക വിവരം- പ്ലാനിംഗ് ഓഫീസർ/RJD യുടെ സാക്ഷ്യപത്രമില്ലാതെ പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിച്ചിരിക്കുന്നു | 3-15 |
| 39 | വിദ്യാസുരക്ഷ (എസ്.എം.എസ് അലെർട്ട്) - പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ലഭ്യമല്ല- 300000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു | 3-16 |
| 40 | കേരളോത്സവം - മുൻകൂർ തുക ക്രമീകരിക്കാത്തതിനാൽ 95000/-രൂപ തടസ്സപ്പെടുത്തുന്നു | 3-17 |

| | | |
|---|---|---|
| 41 | തുടർ വിദ്യാഭ്യാസം തുല്യതാ പഠനം - രേഖകൾ ലഭ്യമല്ല. | 3-18 |
| 42 | അക്കാഡമിക് കൗൺസിൽ പ്രവർത്തനങ്ങൾ- പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധം | 3-19 |
| 43 | അങ്കണവാടികളുടെ പ്രവർത്തനാവലോകനം | 3-20 |
| 44 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി- ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ രേഖകൾ ലഭ്യമല്ല. | 3-21 |
| 45 | വികലാംഗർക്ക് ട്രൈസ്കൂട്ടർ-രേഖകൾ ലഭ്യമല്ല - 153164/-രൂപ തടസ്സത്തിൽ വയ്ക്കുന്നു | 3-22 |
| 46 | പുളിഞ്ചി-ഉമ്മൻകോട് കരിമ്പിൻകോണം റോഡ് കോൺക്രീറ്റിംഗ്- എസ്റ്റിമേറ്റ് റിപ്പോർട്ടിന് വൈരുദ്ധ്യമായ പ്രവൃത്തിയ്ക്ക് അധിക നിരക്ക് നൽകി - 20790 രൂപ നിരാകരിക്കുന്നു | 3-23 |
| 47 | മുളവൻകോട് - ഇ.ഇ.സി മാർക്കറ്റ് റോഡ് കോൺക്രീറ്റിംഗ് & ഓട നിർമ്മാണം - അധിക നിരക്ക് നൽകി - 14625/- രൂപ നഷ്ടം | 3-24 |
| 48 | മുൻകൂറുകൾ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണം | 3-25 |
| 49 | വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയഅപാകതകൾ | 3-26 |
| 50 | ചെലവുരേഖകൾ ഹാജരാക്കാത്ത തുക 145000 രൂപ തടസ്സത്തിൽവെക്കുന്നു | 3-27 |
| 51 | വാർഷിക ധനകാര്യ പത്രിക – എഴുതിത്തള്ളിയ തുകകൾ ക്രമീകരിച്ചിട്ടില്ല | 3-28 |
| 52 | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച – ഗുണഭോക്തൃ വിഹിതം - 1886010/- രൂപ ബാക്കി | 3-29 |
| 53 | അക്കൗണ്ടിലെ നീക്കിയിരിപ്പ് - വ്യക്തതയില്ല | 3-30 |
| 54 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം- വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 3-31 |
| 55 | മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് പെൻഷൻ ഫണ്ട് നാളിതുവരെ രൂപീകരിച്ചിട്ടില്ല | 3-32 |
| 56 | ലൈബ്രറി സെസ് കുടിശ്ശികയായി നിൽക്കുന്നു | 3-33 |
| 57 | വാറ്റ്, സർവീസ് ടാക്സ് എന്നിവ നാളിതുവരെ അടവാക്കിയില്ല | 3-34 |

| | ഭാഗം - 4 | |
|---|---|---|
| 58 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 59 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 60 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 61 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 62 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 63 | ഓഡിറ്റ് റിക്കവറി | 4-6 |
| 64 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 65 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 66 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 656318786/- രൂപയും ചെലവ് 498704000/-രൂപയും നീക്കിയിരിപ്പ് 157614786/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 02.08.2016 | 07.08.2017 | 27.09.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19.08.2017 മുതൽ 26.08.2017 വരെയും 06.10.2017 ഉം | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പട്ടിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 41731065.25 |
| വരവ് | 241456120.00 |
| ആകെ | 283187185.25 |
| ചെലവ് | 240682598.00 |
| നീക്കിയിരിപ്പ് | 42504587.25 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 62852696 | 62852696 | 62852696 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8622182 | 8622182 | 8622182 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 11919397 | 11919397 | 11919397 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 8001104 | 8001104 | 8001104 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 53813222 | 53813222 | 53813222 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3205534 | 3205534 | 3205534 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3238461 | 19764539 | 23003000 | 17990200 | 5012800 |
| ബി ഫണ്ട് | 0 | 1893840 | 1893840 | 1893840 | 0 |
| *തനത് ഫണ്ട്/ മറ്റിനം വരവുകൾ | 38492604.25 | 71383606 | 109876210.25 | 72384423 | 37491787.25 |

* വിധവകളുടെ പെൺമക്കളുടെ ധനസഹായം 630000/-രൂപ വിതരണം ചെയ്തിട്ടുണ്ടെങ്കിലും I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 277 | 529382359 | 158 | 151282943 | 0 | 119 | 57 |

നഗരസഭയിൽ തൻവർഷം നടപ്പിലാക്കിയ വിവിധ പദ്ധതികൾ പരിശോധിച്ചതിൽ പൂർണ്ണമായ തോതിൽ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. ഇത് പദ്ധതി നടത്തിപ്പിന്റെ സുതാര്യത, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ മോണിറ്ററിംഗ് കാര്യക്ഷമവും ക്രിയാത്മകവുമായിരിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവ്/കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| I നികുതി വരവുകൾ | | | |
| വിനോദ നികുതി | 2141220 | 2100859 | -(40361) |
| തൊഴിൽ നികുതി | 11798297 | 11912992 | 114695 |
| കെട്ടിട നികുതി | 10234381 | 12312034 | 2077653 |
| പരസ്യ നികുതി | 133707 | 133226 | -(481) |
| II നികുതിയേതര വരവുകൾ | | | |
| ലേലം | 2478000 | 59195 | -(2418805) |
| ഷോപ്പിംഗ് കോംപ്ലക്സ് + മറ്റ് വാടക | 3450536 | 6597059 | 3146523 |
| ഡി & ഒ ലൈസൻസ് | 187516 | 208166 | 20650 |

*വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ*

2016-17 സാമ്പത്തിക വർഷത്തെ നെടുമങ്ങാട് നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് (ജനറൽ) ന്റെ ചെലവ് AFS പ്രകാരം 6,28,52,696/-ഉം ACR പ്രകാരം 6,41,23,218/-ഉം ആണ്. പൊരുത്തപ്പെടുന്നില്ല.
2. താഴെപ്പറയുന്ന ഇനങ്ങളിലെ മുൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പല്ല തൻവർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ്.

| ക്രമ നം. | | 2015-16-ലെ AFS പ്രകാരമുള്ള നീക്കിയിരിപ്പ് | 2016-17 AFS ലെ മുന്നിരിപ്പ് |
|---|---|---|---|
| 1 | Excess of Income over Expenditure | 1741633 | 66588655.77 |
| 2 | General Fund | 69125717.40 | 4278694.63 |

3. 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ജനറൽ ഫണ്ടിന്റെ നീക്കിയിരിപ്പ് ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിൽ 79223.37-ഉം ബാലൻസ് ഷീറ്റിൽ 66509432.40- ഉം ആണ്.

4. Excess Income over Expenditure -ന്റെ നീക്കിയിരിപ്പ് ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിൽ 66588655.77 ഉം ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ 1554116-ഉം, ലാൻഡ് സ്കേപ്പ് B1 ഷെഡ്യൂളിൽ 68142771.77 ഉം ആണ്. ആയത് പൊരുത്തപ്പെടുന്നില്ല.

5. ഷെഡ്യൂൾ B-21-ൽ താഴെപറയും പ്രകാരം തുകകൾ ചേർത്തിട്ടുണ്ട്.

i) Provision for outstanding property tax - 168096

ii) Provision for outstanding Profession tax - 23184

Institutions/professionals/Traders

iii) Provision for outstanding licence fees - 2735

അവയുടെ വിശദവിവരങ്ങൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

(വിശദാംശം ഖണ്ഡിക 3.28-ൽ)

6. തൊഴിൽ നികുതിയിനത്തിൽ രജിസ്റ്ററിലെ തുകകളും AFS പ്രകാരമുള്ള തുകകളും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| | AFSപ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Profession Tax – Institution/Traders (demand) | 1578600 | 2068840 |
| Profession Tax – Employees (Collection) | 10446733 | 10565983 |

7. ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ രജിസ്റ്ററിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

| | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| ഡിമാന്റ് | 6643905 | 4240651 |
| കളക്ഷൻ | 6139537 | 3825354 |
| ബാലൻസ് | 1425829 | 415297 |

8. പരസ്യ നികുതി രജിസ്റ്ററിൽ DCB പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി യിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ അതിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9. മാർക്കറ്റ് ഫീയിനത്തിൽ രജിസ്റ്റർ പ്രകാരമുള്ള വരവ് 2155555/-ഉം വാർഷിക ധനകാര്യ പത്രിക പ്രകാരം 59195/-ഉം ആണ്.

10. വസ്തു നികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ DCB പത്രികയിലേയും AFS-ലേതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | AFS പ്രകാരം | DCB പത്രിക പ്രകാരം |
|---|---|---|
| ഡിമാന്റ് | 11440198 | 12550933 |

| | | |
|---|---|---|
| കളക്ഷൻ | 12312034 | 9025346 |
| ബാലൻസ് | 1552184 | 3525587 |

11. ലേല രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത തിനാൽ വാർഷിക ധനകാര്യ പത്രികയിലെ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

12. D&O ലൈസൻസ് DCB പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടി ല്ലാത്തതിനാൽ AFS -ൽ ആയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

13. ഇ.എം.എസ് ലോൺ തിരിച്ചടവ് തുക, വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക എന്നിവ ലോൺ രജിസ്റ്ററിലേതും വാർഷിക ധനകാര്യ പത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല.

| ലോൺ തിരിച്ചടവ് | | വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക | |
|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം |
| 7598285 | 13245000 | 16956715 | 11310000 |

14. വാർഷിക ധനകാര്യ പത്രികയിൽ കർഷകത്തൊഴിലാളി പെൻഷൻ, ഇന്ദിരാഗാന്ധി ദേശിയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം എന്നിവയുടെ വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല.

15. B ഷെഡ്യൂളിൽ പെർമനന്റ് അഡ്വാൻസ്/ഇംപ്രസ്റ്റ് തുക ഉൾപ്പെടുത്തിയിട്ടില്ല.

16. മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം 2016-17 വർഷം പാർട്ട് ബിൽ ചെലവ് നടത്തിയിട്ടില്ല. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ B-11-ൽ 18779341/-രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്.

17. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

18. AUEGS-ന്റെ രജിസ്റ്ററിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

19. ഷെഡ്യൂൾ B-7ലെ ഡെപ്പോസിറ്റ് തുകകളും ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

20. Bഷെഡ്യൂളിലെ 350309900, 350400500, 350409900 എന്നീ ശീർഷകങ്ങളിലെ നീക്കിയിരിപ്പ് സംബന്ധിച്ചുള്ള വിശദാംശം ഓഡിറ്റ് എൻക്വയറി നം.52 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

21. B-4 ഷെഡ്യൂളിൽ welfare Bodies – 449850/-, Beneficiary contribution-ന് 1886010/-ഉം Other Grants & Contribution for specified purpose-ന് 20980062/- തുകകൾ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

22. B-18 ഷെഡ്യൂളിലെ Housing Loan to Employees-ന് 3250/-ഉം Festival Advance to Employees-ന് 95000/-ഉം, Miscellaneous Advance-ന് 1740007.5-ഉം, Advance to Implementing Agencies-ന് 6163937/-ഉം, Other advances-Municipal Funds-ന് (-941)ഉം Electricity deposits-ന് 67405/-ഉം തുകകൾ നീക്കിയിരിപ്പ് രേഖപ്പെടുത്തി യിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 52)

23. B-14 ഷെഡ്യൂളിൽ Purchase of material stores-ൽ 31463/-ഉം, Purchase of material Others-ൽ 133235/-ഉം തുകകൾ നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ലഭ്യമല്ല.

24. Grants, contributions for specific purposes – Central Government വരവ് AFS പ്രകാരം 11075845/-ആണ്. എന്നാൽ ledger പ്രകാരം ആയത് 11462256/- ആണ്. ആയത് പൊരുത്തപ്പെടുന്നില്ല.

25. B-9 ഷെഡ്യൂൾ പ്രകാരം library cess ഇനത്തിൽ 1080212.55 രൂപ അടയ്ക്കാനുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം 16-17-ൽ ഒടുക്കുവാൻ ബാക്കിയുള്ള തുക 617665/- രൂപയാണ്.

26. B-9 ഷെഡ്യൂൾ പ്രകാരം VAT payable 328259.5-ഉം രജിസ്റ്റർ പ്രകാരം 2016-17-ൽ ഒടുക്കുവാൻ ബാക്കിയുള്ള തുക 228/-ഉം ആണ്.

27. B-9 ഷെഡ്യൂൾ പ്രകാരം Service tax payable 214389/-ഉം രജിസ്റ്റർ പ്രകാരം 819182/-രൂപയാണ്.

28. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ രഹിത വേതനം 1893840/-ഉം ലഭ്യമാക്കിയ രേഖകൾ പ്രകാരം 1788270/-ഉം ആണ്.

29. താഴെപറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്, പാസ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| | നീക്കിയിരിപ്പ് AFS പ്രകാരം |
|---|---|
| SBT A/C No.57024284958 | 772 |
| റ്റി.ഡി.സി.ബി-173 A/C No.020031201200008 | 49362.99 |
| റ്റി.ഡി.സി.ബി-173 A/C No.020031201200007 | 7180.00 |
| കാനറാ ബാങ്ക് A/C No.2928 | 125794 |
| കാനറാ ബാങ്ക് A/C No.8334 | 800703 |
| ട്രഷറി A/C No.8448 | 1404054 |

| | |
|---|---|
| ട്രഷറി A/C No.312 | 20377 |

30. TSP (Own fund) A/C ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 5012800/-ഉം ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 5767855/-ഉം ആണ്. വ്യത്യാസം 755055/-. റീകൺസിലിയേ ഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 108480 |
| കർഷകതൊഴിലാളി പെൻഷൻ | 8361140 |
| വിധവാപെൻഷൻ | 28670120 |
| വാർദ്ധക്യകാലപെൻഷൻ | 35267990 |
| വികലാംഗപെൻഷൻ | 5611625 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 630000 |
| അവിവാഹിത പെൻഷൻ | 942620 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.08.2017 5.00 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 157389/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സ്ഥാപനത്തിലെ രജിസ്റ്ററുകളുമായും ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായും പൊരുത്തപ്പെടുന്നില്ല. മിനിട്സ് തീരുമാനങ്ങൾ കൃത്യതയോടെ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. രജിസ്റ്ററുകളൊന്നും തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിതരണ രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. അഡ്വാൻസ് നൽകിയ പല തുകകളും ക്രമീകരിച്ചതായി കാണുന്നില്ല. വൗച്ചറിനോട് ഒപ്പം അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിൽ കരാർ ചട്ടങ്ങൾ പാലിക്കുന്നില്ല. പദ്ധതി നിർവഹണം സർക്കാർ മാർഗ്ഗരേഖയ്ക്കനുസൃതമാണെന്ന് ഉറപ്പു വരുത്തേണ്ടതും കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. ചെലവ് രേഖകൾ പ്രോജക്ടിനോടൊപ്പം സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

*ജനറൽ കമ്മിറ്റി മിനിട്സ്- അപാകതകൾ*

നഗരസഭയിൽ ജനറൽ കൗൺസിൽ മിനിട്സുകൾ ഡാറ്റാ എൻട്രി നടത്തി സൂക്ഷിക്കുന്ന സമ്പ്രദായമാണ് പിൻതുടർന്നു വരുന്നത്. ഇതിന് ദിവസവേതനാടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ ജനറൽ കൗൺസിൽ മിനിട്സുകൾ പരിശോധിച്ച തിൽ 2016-17വർഷം 33 കൗൺസിൽ യോഗങ്ങൾ നടന്നതിൽ 16 കൗൺസിൽ യോഗങ്ങളുടെ മിനിട്സ് മാത്രമേ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ളൂ. തുടർച്ചയായ ക്രമനമ്പരുകളിൽ കൗൺസിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ രജിസ്റ്ററിൽ സൂക്ഷിക്കുന്നതിന് പകരം പ്രത്യകം ഷീറ്റുകളായാണ് അവ സൂക്ഷിച്ചിരിക്കുന്നത്. നഗരസഭയുടെ പ്രവർത്തനത്തിന്റെ സുപ്രധാന രേഖയാണ് ജനറൽ കമ്മിറ്റി മിനിട്സ് എന്നതിനാൽ ഈ നടപടി അംഗീകരി ക്കാനാവില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഡാറ്റാ എൻട്രി ചെയ്ത് ഓരോ പേജിനും നമ്പറിട്ട് ബൈന്റ് ചെയ്ത് സൂക്ഷിച്ചുവരുന്ന രീതിയാണ് തുടർന്നുവന്നിരുന്നതെന്നും എന്നാൽ അപാകത മനസ്സിലായതിനാൽ 2017-18 സാമ്പത്തിക വർഷം മുതൽ ക്രമപ്രകാരം പേജ് നമ്പറുള്ള രജിസ്റ്ററിൽ മിനിട്സുകൾ എഴുതി സൂക്ഷിച്ചുവരുന്ന ണ്ടെന്നും അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി 2016-17വർഷത്തെ കൗൺസിൽ മിനിട്സുകളുടെ ഡാറ്റാ എൻട്രി പൂർത്തിയാക്കി തുടർച്ചയായ ക്രമനമ്പരുകളിൽ അവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നടന്നിട്ടില്ല | | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | സെപ്റ്റംബർ 2015 | 2012-13 to 2015-16 | 7.10.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രസീതുകൾക്ക് പകരം മാന്വൽ രസീതുകൾ

കേരളത്തിലെ നഗരസഭകളിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സംവിധാനം 2007ഏപ്രിൽ 1മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി കൊണ്ടുവന്ന കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വലിൽ ഇതിനെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. കൂടാതെ ജി.ഒ(എം.എസ്)246/2011/ത.സ്വ.ഭ.വ. തീയതി. 13.10.11 പ്രകാരം സാംഖ്യ, സൂചിക എന്നിവ ഉപയോഗിക്കുന്ന തസ്വഭവ സ്ഥാപനങ്ങൾക്ക് പണമടവിനും കത്തിടപാടുകൾക്കും കൈപ്പറ്റ് രസീത് നൽകാൻ ഏകീകൃത ഫോറവും നിഷ്കർഷിക്കുന്നു. എന്നാൽ നഗരസഭയുടെ പണമൊടുക്കുകൾ പരിശോധിച്ചതിൽ 50 രസീതുകൾ വീതമുള്ള 342 മാന്വൽ രസീതു ബുക്കുകളും 22000സാംഖ്യ രസീതുകളുമാണ് ഓഡിറ്റ് കാലയളവിൽ ഉപയോഗിച്ചിട്ടുള്ളത്. ആകെ 39100 രസീതുകൾ ഉപയോഗിച്ചതിൽ 44% മാന്വൽ രസീതുകളാണ്. ഫ്രണ്ട് ഓഫീസിൽ പോലും മാന്വൽ രസീതുകളാണ് കൂടുതലായി ഉപയോഗിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.42-ന് ലഭ്യമാക്കിയ മറുപടിയിൽ ബിൽ കളക്ടർമാരുടെ അഭാവത്തിൽ നികുതി ഒടുക്കുവാൻ വരുന്നവർക്ക് വേണ്ടി മാന്വൽ രസീതുബുക്കുകൾ ഉപയോഗിക്കുന്നതിനുള്ള ചുമതല കാഷ്യറെ

ഏൽപ്പിച്ചിരുന്നുവെന്നും Form No.6-ന്റെ ഡാറ്റാ എൻട്രി തുടങ്ങിയിട്ടില്ലായെന്നും വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്ന മുറയ്ക്ക് സാംഖ്യയുമായി ഇൻറഗ്രേറ്റ് ചെയ്യുന്നതുമാണെന്ന് അറിയിച്ചിരിക്കുന്നു. അപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതുമാണ്.

## 2-2 പണമൊടുക്ക്- ചട്ടങ്ങൾ പാലിക്കുന്നില്ല

നഗരസഭയുടെ പണമൊടുക്കുകൾ പരിശോധിച്ചതിൽ കേരള ഫിനാൻഷ്യൽ കോഡ് പ്രകാരമുള്ള സമയക്രമം പാലിച്ചല്ല ബാങ്കിൽ പണമൊടുക്ക് വരുത്തിയിരിക്കുന്നത്. അതേ ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പണം ഒടുക്ക് വരുത്തുന്നതിനു പകരം ഇക്കാര്യത്തിൽ കാലതാമസം വരുത്തുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ചട്ട പ്രകാരം പണമൊടുക്കുവന്ന തീയതി | തുക | ബാങ്ക് സ്റ്റേറ്റുമെൻറ് പ്രകാരം തുക ഒടുക്കിയ തീയതി | കാലതാമസം (ദിവസം) |
|---|---|---|---|
| 15.12.16 | 6487 | 30.12.16 | 15 |
| 23.12.16 | 20000 | 30.12.16 | 7 |
| 17.12.16 | 3096 | 30.12.16 | 13 |
| 25.3.17 | 262742 | 29.3.17 | 4 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.53-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 31.03.2017 വരെയുള്ള ബാങ്ക് സ്റ്റേറ്റുമെൻറ്/ ബാങ്ക് പാസ്ബുക്ക് എന്നിവ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. (ഓഡിറ്റ് റിക്വസിഷൻ2) ആയതിനാൽ പണമൊടുക്കുകളുടെ കൃത്യത പൂർണ്ണമായും പരിശോധിക്കാനായിട്ടില്ല. ചട്ടങ്ങൾക്കും നിലവിലെ സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി തുകകൾ കൃത്യമായി ഒടുക്കുവരുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-3 വസ്തു നികുതി പരിഷ്കരണം ഇഴഞ്ഞ് നീങ്ങുന്നു

നഗരസഭയിൽ സഞ്ചയയിൽ അസസ്മെൻറുകളുടെ ബേസ് ഡാറ്റാ മാത്രമേ ചെയ്തിട്ടുള്ളൂ. Form No.6ൻെറ ഡാറ്റാ എൻട്രി നടത്തിയിട്ടില്ല. അതിനാൽ തന്നെ സഞ്ചയയിൽ 2013-14 വർഷത്തിന് മുൻപുള്ള കുടിശ്ശിക ജനറേറ്റ് ചെയ്യുകയോ നികുതി സഞ്ചയ വഴി അസസ് ചെയ്യുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറി 21-ന് ലഭ്യമാക്കിയ മറുപടിയിൽ ജീവനക്കാരുടെ അഭാവം മൂലമാണ് വസ്തു നികുതി പരിഷ്കരണം സമഗ്രമായി നടപ്പിലാക്കാൻ കഴിയാത്തതെന്നും 06.07.17-ലെ കൗൺസിൽ തീരുമാനം വഴി ഇരുപത് ജീവക്കാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാരിനോട് പ്രമേയം വഴി ആവശ്യപ്പെട്ടിട്ടുണ്ടെന്നും സർക്കാർ തീരുമാനം വരുന്ന മുറയ്ക്ക് വസ്തുനികുതി പരിഷ്കരണം നടപ്പിൽ വരുത്തി അപാകതകൾ പരിഹരിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-4 വസ്തുനികുതി -കണക്കാക്കിയതിൽ അപാകതകൾ നഗരസഭയ്ക്ക് നികുതി നഷ്ടം

2011-ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങൾ തുടർന്ന് വന്നിട്ടുള്ള ഭേദഗതി ചട്ടങ്ങൾ, ഉത്തരവുകൾ മേൽപ്പറഞ്ഞവയെ അടിസ്ഥാനമാക്കി നഗരസഭ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കിയത് പരിശോധിച്ച തിൽ നിരവധി അപാകതകൾ കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| കെട്ടിട നം. | ഉടമസ്ഥൻെറ പേര് | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | റിമാർക്സ് |
|---|---|---|---|---|
| 568(3) | സൗമ്യ.എസ് | 922 | 1153 | നികുതി നിർണ്ണയിച്ച് എടുത്ത് എഴുതിയതിൽ വന്ന പിശകാണെന്നും മുൻകാല പ്രാബല്യ ത്തോടെ പുനർനിർണ്ണയം നടത്തി ഈടാക്കുന്ന താണെന്നുംഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. |
| 184(1) | ജി.രാജേന്ദ്രകുമാർ & ശോഭനകുമാരി | 1695 | 1908 | ദ്വിതീയ മേഖലയെ ത്രിതീയ മേഖലയായി കണക്കാക്കി നികുതി നിർണ്ണയം നടത്തിയി രിക്കുന്നു. വാർഡ് 21 ത്രിതീയ മേഖലയിലാ ണെന്നും നികുതി നിർണ്ണയം നടത്തിയത് ശരി യാണെന്നുമുള്ള എൻക്വയറിക്കുള്ള മറുപടി അംഗീകരിക്കാനാവില്ല. ലഭ്യമാക്കിയ നഗര സഭാ വിജ്ഞാപന പ്രകാരം 21-ാം വാർഡ് ദ്വിതീയ മേഖലയിലാണ്. |
| 405(6) | ജയ.കെ | 464 | 525 | വാർഡ് 20 ത്രിതീയ മേഖലയിലാണെന്ന മറുപടി അംഗീകരിക്കാനാവില്ല. ലഭ്യമാക്കിയ വിജ്ഞാപന പ്രകാരം പ്രസ്തുത വാർഡ് ദ്വിതീയ മേഖലയിലാണ് |
| 39(5) | മണികണ്ഠൻ | 929 | 1046 | വാർഡ് 21 വിജ്ഞാപന പ്രകാരം ദ്വിതീയ മേഖലയിലായതിനാൽ മറുപടി അംഗീകരി ക്കാനാവില്ല |
| 71(3) | ശ്യാംലാൽ.എൽ | 1287 | 1580 | വാർഡ് 32 വിജ്ഞാപന പ്രകാരം ദ്വിതീയ മേഖല യിലായതിനാൽ മറുപടി അംഗീകരി ക്കാനാവില്ല |
| 141(2) | ജി.ലാസർ &മേരി | 1147 | 1296 | വാർഡ് 21 വിജ്ഞാപന പ്രകാരം ദ്വിതീയ മേഖലയിലായതിനാൽ മറുപടി അംഗീകരി ക്കാനാവില്ല |
| 442(3) | ടി.ലീല | 671 | 755 | വാർഡ് 21 വിജ്ഞാപന പ്രകാരം ദ്വിതീയ മേഖലയിലായതിനാൽ മറുപടി അംഗീകരി ക്കാനാവില്ല |

നഗരസഭയ്ക്ക് നികുതി ചോർച്ചയുണ്ടാകാതിരിക്കാൻഅപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1994-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ ചട്ടം 257, 253, 254, 256 എന്നിവ അനുസരിച്ച് ഓഫീസുകൾ, കമ്പനികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ റൂൾ 3 സബ് റൂൾ-1പ്രകാരമുള്ള നിരക്കിൽ തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരാണ്. എന്നാൽ നഗരസഭാ പരിധിയിൽ വരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനാക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരൻെറ പേര്, തസ്തിക | അർദ്ധ വാർഷിക വരുമാനം | ഈടാ ക്കേണ്ട നികുതി | ഈടാ ക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| ഗവ.കോളേജ് നെടുമങ്ങാട് | പ്രിൻസ.ഐ.പി, ഗസ്റ്റ് ലക്ചറർ | 138000 | 1250 | 300 | 950 |
| | ഷൈലജ റഫീഖ്.എസ്, ഗസ്റ്റ് ലക്ചറർ | 150000 | 1250 | 450 | 800 |
| | ഡോ.എസ്.രാജേഷ്, ഗസ്റ്റ് ലക്ചറർ | 36000 | 300 | - | 300 |
| | സുനിത.എസ്.എസ്, ഗസ്റ്റ് ലക്ചറർ | 147000 | 1250 | 450 | 800 |
| | വിജയലക്ഷ്മി, ഗസ്റ്റ് ലക്ചറർ | 135000 | 1250 | 450 | 800 |
| | പവിത്രാവിജയൻ, ഗസ്റ്റ് ലക്ചറർ | 138000 | 1250 | 450 | 800 |
| | ആശ.ആർ.പി, ഗസ്റ്റ് ലക്ചറർ | 126000 | 1250 | 180 | 1070 |
| | അശ്വതി.വി.ആർ, ഗസ്റ്റ് ലക്ചറർ | 93000 | 750 | 120 | 630 |
| | രാജേഷ് കുമാർ.സി.ആർ., ഗസ്റ്റ് ലക്ചറർ | 93000 | 750 | 120 | 630 |

| | | | | | |
|---|---|---|---|---|---|
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | സൗമ്യ.ഒ | 136992 | 1250 | 1000 | 250 |
| | ഉഷ | 228912 | 1250 | 1000 | 250 |
| എസ്.ബി.ഐ ലൈഫ് ഇൻഷുറൻസ് | അർജ്ജുൻകുമാർ.എം.ജി | 126000 | 1250 | 1000 | 250 |
| പാലോട് കോപ്പറേറ്റീവ് സൊസൈറ്റി | രാജേഷ്. ആർ.നായർ | 156996 | 1250 | 180 | 1070 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിനം.4-ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി റിപ്പോർട്ട് ചെയ്യാത്ത പക്ഷം നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിരിക്കും.

## 2-6 തൊഴിൽ നികുതി- അപാകതകൾ

1994ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ ചട്ടം,257, 253, 254, 256 എന്നിവ അനുസരിച്ച് ഓഫീസുകൾ, കമ്പനികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ റൂൾ 3 സബ് റൂൾ 1 പ്രകാരമുള്ള നിരക്കിൽ തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ഗവ. മോഡൽ നഴ്സറി
2. സുപ്രഭ ഹോസ്പിറ്റൽ
3. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

പ്രസ്തുത സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടയ്ക്കുന്നതിന് ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപന ങ്ങളിലെ ജീവനക്കരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) താഴെപ്പറയുന്ന സ്ഥാപനങ്ങളെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടു ണ്ടെങ്കിലും ഒന്ന്, രണ്ട് അർദ്ധവർഷം ജീവനക്കരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. റീജിയണൽ അർബൻ കോർപ്പറേറ്റീവ് സൊസൈറ്റി
2. റിംസ് ഹോസ്പിറ്റൽ
3. ഹോട്ടൽ ഇന്ദ്രപ്രസ്ഥ

തൊഴിൽനികുതി അടയ്ക്കുന്നതിന് ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്

## 2-7 കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപങ്ങളിൽ നിന്ന്

## സർവീസ് ചാർജ്ജ് ഈടാക്കുന്നില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജ്) ചട്ടങ്ങളിലെ 30 വകുപ്പനുസരിച്ച് കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതി ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾക്ക് നഗരസഭ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക്, ഡ്രെയിനേജ് മുതലായവയ്ക്കു സർവീസ് ചാർജ്ജ് ഈടാക്കേണ്ടതാണ്. നഗരസഭാപരിധിയിൽ ഐ.എസ്. ആർ.ഒ, പോസ്റ്റ് ഓഫീസ്, IISTഎന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽ നിന്ന് സർവീസ് ചാർജ്ജ് ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ് എൻക്വയറി 12-ന് ലഭ്യമാക്കിയ മറുപടിയിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് ഇത് സംബന്ധിച്ച് നിരവധി തവണ കത്ത് നൽകി യിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-8 സ്ഥാപനനികുതി ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245(2) പ്രകാരം ജനറൽ സെയിൽ ടാക്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങൾ,1956-ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ, ബാങ്കുകളും അവയുടെ ശാഖകളും മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, കോപ്പറേറ്റീവ് സൊസൈറ്റികൾ, ബാർ ഹോട്ടലുകൾ, സ്റ്റാർ ഹോട്ടലുകൾ, പെട്രോൾ പമ്പുകൾ മുതലായവ ഓരോ അർദ്ധവർഷവും 1250/-രൂപ നിരക്കിൽ സ്ഥാപന നികുതി നൽകാൻ ബാധ്യസ്ഥരാണ്.

എ) 2016-17വർഷം താഴെപ്പറയുന്നസ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

1. സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്
2. ന്യൂ ഇൻഡ്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്.

മേൽ സ്ഥാപനങ്ങൾക്ക് ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബി) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഡിമാൻറ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല. പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-9 ഷോപ്പിംഗ് കോംപ്ലക്സ്- വാടക ഈടാക്കിയിട്ടില്ല

ടൗൺ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, ന്യൂഷോപ്പിംഗ് കോംപ്ലക്സ്, പൂവത്തൂർ ഷോപ്പിംഗ് കോംപ്ലക്സ്, ഇരിഞ്ചയം ഷോപ്പിംഗ് കോംപ്ലക്സ്, കുശർക്കോട് വ്യവസായ എസ്റ്റേറ്റ്, ബങ്ക് എന്നിവയാണ് നഗരസഭ വാടകയ്ക്ക് നൽകിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 567 പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കേണ്ട താണെങ്കിലും ടൗൺ മാർക്കറ്റ് ഷോപ്പിംഗ് കോപ്ലക്സ് ഒഴികെ ഒന്നിനും തന്നെ ബൈലോ തയ്യാറാക്കിയിട്ടില്ല. ആകെ 156 കടമുറികൾ വാടകയ്ക്ക് നൽകിയതിൽ 2016-17 വർഷം 19 വാടകക്കാരുമായി മാത്രമേ എഗ്രിമെന്റ് വച്ചിട്ടുള്ളൂ. അതിനാൽ തന്നെ വാടക കൃത്യമായി അടയ്ക്കാത്ത വാടകക്കാരിൽ നിന്നും തുക ഈടാക്കുന്നതിന് നിയമതടസ്സങ്ങളുണ്ടാകുന്നതിന് സാധ്യതയുണ്ട്. 2016-17 വർഷം താഴെപ്പറയുന്ന

വാടകക്കാരിൽ നിന്ന് വാടക തുക മുഴുവനും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് | വാടകക്കാരന്റെ പേര് | കടമുറി | കുടിശിക വരുത്തിയ മാസം | മാസ വാടക | ആകെ |
|---|---|---|---|---|---|
| മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | ജെ.ആർ.വിനു | 433 | March | 5073 | 5073 |
| | സെക്രട്ടറി. സി.പി.ഐ.എം ഏരിയ കമ്മിറ്റി | 14/438 | December-March | 7600 | 30400 |
| മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് - ബി ബ്ലോക്ക് | സുബ്രഹ്മണ്യപിള്ള | 14/408 | February-March | 2698 | 5396 |
| | സുബ്രഹ്മണ്യപിള്ള | 14/415 | February-March | 1290 | 2580 |
| ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് | പീരുമുഹമ്മദ് | 14/305(i) | March | 9553 | 9553 |
| | ഫസിലുദ്ദീൻ | 14/305(8) | March | 4222 | 4222 |
| | ഫസിലുദ്ദീൻ | 14/305(9) | March | 4222 | 4222 |
| | രാജശ്രീ | 14/305(13) | April2016-March 2017 | 1786 | 21432 |
| | സൈനുദ്ദീൻ | 14/305(18) | February17-March 17 | 3572 | 7144 |
| | നസിലുദ്ദീൻ | 14/305(19) | March 2017 | 1786 | 1786 |
| | സിദ്ദിഖ് | 14/305(23) | March 2017 | 1624 | 1624 |
| പൂവത്തൂർ ഷോപ്പിംഗ് കോംപ്ലക്സ് | സെക്രട്ടറി, ഇ.കെ.നായനാർ ഗ്രന്ഥശാല | 28/130(2) | April2016-march 2017 | 1260 | 15120 |
| | ജയകുമാർ | 28/130(4) | Jan17-march17 | 669 | 2007 |
| ഇരിഞ്ചയം ഷോപ്പിംഗ് കോംപ്ലക്സ് | സജാദ്സാഗർ | 24/352(6) | November16-March 17 | 365 | 1825 |
| കുശർക്കോട് | രാജ്കുമാർ | 23/302(9) | March 2017 | 702 | 702 |

| | | | | | |
|---|---|---|---|---|---|
| വ്യവസായ എസ്റ്റേറ്റ് | രാജ്കുമാർ | 23/302(10) | Feb 17- March17 | 702 | 1404 |
| ബങ്ക് | മുരുകൻ | 4A | March 17 | 1107 | 1107 |
| | ബേബി | 48 | August 16-march17 | 354 | 2832 |

കുടിശ്ശിക വരുത്തിയവരിൽ നിന്നും തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കും. (ഓഡിറ്റ് എൻക്വയറി നം.1)

## **2-10** വാഹനങ്ങൾ പാർക്ക് ചെയ്യാത്ത പാർക്കിംഗ് ഗ്രൗണ്ട്

2015-16 വർഷം 2422518/-രൂപ ചെലവഴിച്ച് നഗരസഭ പുതുതായി പണികഴിപ്പിച്ച താണ് വാഹന പാർക്കിംഗ് കേന്ദ്രം. എന്നാൽ 2016-17 വർഷം പ്രസ്തുത പാർക്കിംഗ് ഗ്രൗണ്ട് ലേലം ചെയ്ത് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പുതിയതായി പണികഴിപ്പിച്ച പാർക്കിംഗ് കേന്ദ്രം 50000/- രൂപ മുഖവില നിശ്ചയിച്ച് പരസ്യലേലം നടത്തിയെന്നും 120000/-രൂപയ്ക്ക് ലേലം വിളിച്ചെങ്കിലും ടി തുക കുറവാണെന്നുള്ളതിനാലും മറ്റു ചില കാരണങ്ങളാലും കൗൺസിൽ പുനർലേലം നടത്തുന്നതിന് തീരുമാനിച്ചതായും അറിയിച്ചിരിക്കുന്നു. പുനർലേലത്തിൽ 320000/-രൂപ ലേലം വിളിച്ചെങ്കിലും ആദ്യ രണ്ട് സ്ഥാനക്കാർ തുക ഒടുക്കുന്നതിന് തയ്യാറാവാത്തതിനാൽ ഡെപ്പോസിറ്റ് തുകകൾ നഗരസഭാഫണ്ടിൽ മുതൽക്കൂട്ടി പുനർ ലേലം നടത്തുകയും മൂന്ന് പ്രാവശ്യം ഓഫറുകൾ ക്ഷണിക്കുകയും എന്നാൽ ആരും തന്നെ ലേലം കൊള്ളാൻ തയ്യാറാവുകയും ചെയ്തിട്ടില്ലായെന്ന് അറിയിച്ചിരിക്കുന്നു. പാർക്കിംഗ് കേന്ദ്രം ടൗണിൻെറ കേന്ദ്രഭാഗത്ത് നിന്നും മാറി സ്ഥിതി ചെയ്യുന്നതിനാലും മാർക്കറ്റ് റവന്യൂ ടവർ, കോടതി സമുച്ചയം, ബസ് സ്റ്റാന്റ് എന്നിവ ഒരേ സ്ഥലത്ത് കേന്ദ്രീകരിച്ചിരിക്കുന്നതിനാലും അവിടെ നിന്ന് മാറി പാർക്കിംഗ് കേന്ദ്രത്തിൽ വാഹനം സൂക്ഷിക്കുന്നതിന് ബോധവൽക്കരണം പൊതുസമൂഹത്തിന് ഉണ്ടാവാത്തതിനാലാണ് വാഹനങ്ങൾ പാർക്ക് ചെയ്യാതിരുന്നത് എന്ന മറുപടി അംഗീകരിക്കാനാവില്ല. വാഹന പാർക്കിംഗ് കേന്ദ്രം പണിയുന്നതിനു മുൻപു തന്നെ ഈ കാര്യങ്ങൾ പരിഗണിക്കേണ്ട തായിരുന്നുവെന്നതിനാൽ നഗരസഭയുടെ ദീർഘ വീക്ഷണമില്ലായ്മ കാരണമാണ് ഇപ്രകാരം സംഭവിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തിരമായി ഉചിതമായ നടപടികൾ സ്വീകരിച്ച് - പാർക്കിംഗ് കേന്ദ്രം ഉപയോഗയോഗ്യമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## **2-11** ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അൺഎയ്ഡഡ് സ്ഥാപനങ്ങൾ - നഗരസഭയ്ക്ക് നഷ്ടം

പൊതു വിദ്യാഭ്യാസ വകുപ്പിൻെറ ഉത്തരവ് നം.ജി.ഒ(ആർ.ടി) 242/2007/പൊതു വിദ്യാഭ്യാസം തീയതി 1.8.2007പ്രകാരം തദ്ദേശ സ്ഥാപന പരിധിയിൽ വരുന്ന അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് ആയിരം രൂപ നിരക്കിൽ ഈടാക്കാനാണ് നിർദ്ദേശമുള്ളത്. എന്നാൽ നെടുമങ്ങാട് നഗരസഭയിൽ അപ്രകാരം

അൺഎയ്ഡഡ് സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 10-ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭാപരിധിയിൽ അഞ്ച് അൺഎയ്ഡഡ് സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ഒരു സ്ഥാപനം മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുള്ളൂവെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-12 ഡി.ആന്റ് ഒ.ലൈസൻസ്- അപാകങ്ങൾ–

*എ) ട്രേഡേഴ്സ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല*

1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 447, 448, 2011 ലെ കേരള മുനിസിപ്പാലിറ്റി (ഡി ആന്റ് ഒ. ട്രേഡ് ആന്റ് ഫാക്ടറീസ് ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക്ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ നഗരസഭാ പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ഡി ആന്റ് ഒ. ലൈസൻസ് ആവശ്യമുള്ള വ്യാപാരികളുടെയും ഫാക്ടറി കളുടെയും പട്ടിക ഓഡിറ്റ് എൻക്വയറി നമ്പർ 49 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമായില്ല. നഗരസഭയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളുടെയും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി സൂക്ഷിക്കേണ്ടതാണ്.

*ബി) വിറ്റുവരവിന്റെ അടിസ്ഥാനത്തിലല്ല ഫീസ് ഈടാക്കിയിട്ടുള്ളത്*

ഡി. ആന്റ് ഒ. ലൈസൻസിനായുള്ള അപേക്ഷ പരിശോധിച്ചതിൽ ദിവസേനയുള്ള വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീ കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി നമ്പർ 49-നുള്ള മറുപടിയിൽ ഒരു സ്ഥാപനത്തിന് ലൈസൻസ് നൽകുമ്പോൾ ആ സ്ഥാപനം പരിശോധിച്ച് സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് കണക്കാക്കിയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ള തെന്നും ലൈസൻസ് പുതുക്കുന്ന സമയത്ത് സ്ഥാപനങ്ങൾ ഓരോന്നും പരിശോധിച്ച് ഫീസ് തിട്ടപ്പെടുത്തുന്നത് ക്ലേശകരമായതിനാൽ സ്ഥാപനം തുടങ്ങുന്ന സമയത്തുള്ള ഫീസ് തന്നെയാണ് ഈടാക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

വരും വർഷങ്ങളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ വിറ്റ് വരവ് രേഖപ്പെടുത്തുന്നതിനുള്ള കോളം ഉൾപ്പെടുത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*സി) ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി പത്രിക തയ്യാറാക്കിയിട്ടില്ല*

മുനിസിപ്പാലിറ്റിയിൽ വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി

സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡി. ആന്റ് ഒ. ലൈസൻസിന്റെ ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

വരും വർഷങ്ങളിൽ ഡിമാന്റ് രജിസ്റ്റർ കൃത്യതയോട് കൂടി പരിപാലിക്കുന്നതിനും വർഷാവസാനത്തിൽ ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നെടുങ്ങാട് മാർക്കറ്റ് ശോചനീയാവസ്ഥയിൽ – ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം- ശുചിത്വമിഷൻ സംഭാവനയുമുൾപ്പെടെ 421325/-രൂപ പാഴ് ചെലവായി

പ്രവൃത്തി – ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം (2012-13)

അടങ്കൽ – 4,45000

ചെലവ് - 421325/-(17/4/ 13),22500/-(3/9/16)-FD No.432/

നിർവ്വഹണം – ഹെൽത്ത് സൂപ്പർവൈസർ

ഫയൽ നമ്പർ – പി.എച്ച് 1/2618/11

ഓഡിറ്റ് എൻക്വയറി - 44

നെടുങ്ങാട് നഗരസഭാ മാർക്കറ്റിലെ ജൈവ മാലിന്യ സംസ്കരണത്തിനായി പ്രതിദിനം 250 കിലോഗ്രാം മാലിന്യ സംസ്കരണ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ശുചിത്വമിഷനിൽ നിന്നും 30/3/11.SM(C2)48250നമ്പർ കത്ത് പ്രകാരം അനുമതി ലഭിച്ചതിന്റെയും 21/4/11 തിയതിയിലെ 419227 നമ്പർ DD മുഖേന 225000/-രൂപ സഹായവും ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ Fixed dome type plant നിർമ്മിക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും തെരഞ്ഞെടുത്ത ദീപം ബയോഗ്യാസ് ഏജൻസി, കാടാമ്പുഴ എന്ന സ്ഥാപനവുമായി കരാർ ഉറപ്പിച്ചു. കരാർ നമ്പർ.120/11-2 തിയതി 19/3/12 മുഖേനയുള്ള വ്യവസ്ഥകൾ പ്രകാരം ഒക്ടോബറിൽ പണി പൂർത്തിയാക്കുകയും 17/4/13-ൽ 048531നമ്പർ ചെക്ക് മുഖേന 421325/-രൂപ കൈമാറുകയും ചെയ്തു. പ്ലാന്റ് പ്രവർത്തനക്ഷമ മാണെന്നും അതിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ഗ്യാസ് കുടുംബശ്രീ ക്യാന്റീനിൽ പാചകത്തിന് ഉപയോഗിക്കപ്പെടുന്നുണ്ടെന്നും പ്ലാന്റ് പ്രവർത്തിപ്പി ക്കുന്നതിന് നഗരസഭാജീവനക്കാരനായ ജോൺസൺ എന്നയാളെ പരിശീലിപ്പിച്ചിട്ടുണ്ടെന്നും മുനിസിപ്പൽ എഞ്ചിനീയർ പരിശോധന നടത്തി 8/4/13-ൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

*തൻ വർഷം നടത്തിയ ചെലവുകൾ*

ദീപം ബയോഗ്യാസ് ഏജൻസി ഉടമ ശ്രീ.വിജയൻ ബയോഗ്യാസ് പ്ലാന്റ് പൂർണമായും പ്രവർത്തനക്ഷമമാണെന്നും പ്രവൃത്തിക്കുവേണ്ടി കെട്ടിവച്ച സെക്യൂരിറ്റി തുക തിരികെ നൽകണമെന്നും 10/8/16-ലെ കത്ത് മുഖേന ആവശ്യപ്പെട്ടതിനെ ത്തുടർന്ന് സെക്യൂരിറ്റി

ഡെപ്പോസിറ്റ് തുകയായ 22500/-രൂപ 3/9/16ലെ FD 432/19/3/12 മുഖേന തിരിച്ച് നൽകി. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ വന്ന ക്രമക്കേടുകൾ താഴെപ്പറയുന്നു.

1. നാല് ലക്ഷത്തിൽ പരം രൂപ ചെലവാക്കി പ്രവർത്തനക്ഷമമാക്കിയ ബയോഗ്യാസ് പ്ലാന്റിന്റെ തുടർപരിപാലനവും മാലിന്യ സംസ്കരണവും നഗരസഭാ അധികൃതരുടെ മേൽനോട്ടത്തിൽ നടന്നിട്ടില്ല എന്നത് സ്ഥല പരിശോധനയിൽ വ്യക്തമായി. ദുർഗന്ധം വമിക്കുന്ന അന്തരീക്ഷത്തിൽ പ്ലാന്റിന്റെ fixed dome പുറത്തുകാണാത്ത വിധത്തിൽ അതിന്റെ മുകളിൽ മാലിന്യം കുന്നുകൂടി കിടക്കുന്ന അവസ്ഥയാണുള്ളത്. ചിത്രം കാണുക



2. വർഷങ്ങളായി പ്രവർത്തനക്ഷമമല്ല എന്ന് പരിശോധനയിൽ കാണാൻ കഴിഞ്ഞ പ്രസ്തുത പ്ലാന്റ് യാതൊരു കേടുപാടുമില്ലാതെ പ്രവർത്തിക്കുന്നു എന്ന് ഓവർസിയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക 22500/-രൂപ കരാറുകാരന് തിരികെ നൽകി. എന്നാൽ ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 44-ന് പ്ലാന്റ് ഇപ്പോൾ പ്രവർത്തനക്ഷമമല്ല എന്ന് മറുപടി നല്കിയിട്ടുണ്ട്.

3. പ്ലാന്റ് പ്രവർത്തനക്ഷമമല്ല എങ്കിൽ കരാറുകാരനെകൊണ്ട് അത് റിപ്പയർ ചെയ്യിച്ച് പ്രവർത്തനക്ഷമമാക്കി മാർക്കറ്റിലെ അതിരൂക്ഷമായ മാലിന്യ പ്രശ്നം പരിഹരിക്കേണ്ട തായിരുന്നു. അതിനു പകരം പ്രവർത്തനക്ഷമമാണ് എന്ന് ഫയലിൽ രേഖപ്പെടുത്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നല്കിയതും നെടുങ്ങാട് ൗൺ പരിസരത്തെ പരിസ്ഥിതിക്കു തന്നെ ദോഷകരമാകുന്ന മാലിന്യം സംസ്കരിക്കപ്പെടാതെ കിടക്കുന്നതും ഈയിനത്തിൽ നിർമ്മാണത്തിനായി ചെലവഴിച്ച തുക പാഴ്ചെലവായി മാറിയതും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തൻവർഷം ഈയിനത്തിൽ പാഴ്ചെലവായ 22500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 ടൗൺ മാർക്കറ്റ് ശുചീകരണം - നിർവ്വഹണത്തിൽ പോരായ്മകൾ

പ്രോജക്ട് നമ്പർ - S0159/17

പ്രവൃത്തി - ടൗൺ മാർക്കറ്റ് ശുചീകരണം

അടങ്കൽ – 150000(വികസനഫണ്ട്)

ചെലവ് – 88700

നിർവ്വഹണം – ഹെൽത്ത് സൂപ്പർവൈസർ

ബിൽ നമ്പർ - 9/16-17,14/16-17

ഓഡിറ്റ് എൻക്വയറി - 24

നെടുമങ്ങാട് മാർക്കറ്റിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി ജെ.സി.ബി, ടിപ്പർലോറി എന്നിവയുടെ വാടക, തൊഴിലാളികളുടെ വേതനം എന്നിവയുൾപ്പെടെ 150000/-രൂപയുടെ പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞതുക ക്വോട്ട് ചെയ്ത എ.വിജയൻ, മീര എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത് പ്രവൃത്തി ഏൽപ്പിച്ചു.

*മേൽ പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.*

1. ടിപ്പർലോറിയുടെ വാടകയിനത്തിൽ തീയതി രേഖപ്പെടുത്താത്ത 4 കൈപ്പറ്റുരസീതുകളുടെ പകർപ്പുകൾ വഴി 8300 x 4 = 33200/- രൂപ കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. KL 01 N 7068 എന്ന നമ്പറിലുള്ള ടിപ്പർ ലോറി ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തതെന്നുള്ള കരാറുകാരന്റെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ മോട്ടോർ വാഹന വകുപ്പിന്റെ രജിസ്ട്രേഷൻ വിവരങ്ങൾ പ്രകാരം പ്രസ്തുത വാഹനം മോട്ടോർ സൈക്കിൾ ആണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരൻ നൽകിയ വൗച്ചറിൽ വാഹന നമ്പർ തെറ്റായി എഴുതിപ്പോയതാണെന്നും ഇക്കാര്യം ശ്രദ്ധിക്കാതെ പോയി എന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. കരാർ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഇത്തരത്തിലുള്ള ക്രമക്കേ ടുകൾ വരാതിരിക്കാൻ ഭാവിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

2. നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL 21 F 8488 നമ്പറിലുള്ള ടിപ്പർ ലോറി പ്രസ്തുത ദിവസങ്ങളിൽ പ്രവർത്തനക്ഷമ മായിരുന്നുവെന്നും മാർക്കറ്റ് ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ ടി വാഹനംഉപയോഗിച്ചിട്ടുണ്ടെന്നും ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭ യുടെ വാഹനം ഉള്ളപ്പോൾ ഇപ്രകാരമുള്ള പ്രവൃത്തികൾക്ക് അതുപയോഗപ്പെടുത്തേ ണ്ടതും അതുവഴി അധികച്ചെലവ് ഒഴിവാക്കേണ്ടതുമാണ്.

3. നഗരസഭാമാർക്കറ്റിലെ മാലിന്യ സംസ്കരണം ഒട്ടുംതന്നെ ഫലപ്രദമായ രീതിയിൽ നടക്കുന്നില്ല എന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി. ചിത്രം താഴെ



മാർക്കറ്റ് ശുചീകരണ പ്രക്രിയ ജനങ്ങളുടെ ആരോഗ്യത്തെതന്നെ ബാധിക്കുന്ന അതീവ പ്രാധാന്യവും ഗൗരവവുമുള്ള വിഷയമായതിനാൽ ഇക്കാര്യത്തിൽ ഭരണ സമിതിയുടേയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും ശ്രദ്ധ കാര്യക്ഷമമായി പതിയേണ്ടതും സ്ഥലപരിശോധന നടത്തി പ്രവൃത്തി കൃത്യമായി നടന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ഇക്കാര്യത്തിലുള്ള അധികച്ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.

## 3-3 ആയുർവേദ മരുന്നുകൾ വാങ്ങിയതിൽ കരാർ നടപടികളിൽ അപാകത, മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല.

പ്രോജക്ട് നമ്പർ - S0114/17

അടങ്കൽ - 1100000 (വികസനഫണ്ട്) + 100000 (തനതുഫണ്ട്)

ചെലവ് – 1200000

നിർവ്വഹണം – ഹെൽത്ത് സൂപ്പർവൈസർ

ബിൽ നമ്പർ - 1/16-17, DD No.559941

ഓഡിറ്റ് എൻക്വയറി - 26

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി 1200000/- രൂപ 7/11/16, 16/2/17 തീയതികളിലാണ് ഔഷധിക്ക് കൈമാറിയിട്ടുള്ളത്. എന്നാൽ ലഭ്യമായ മരുന്നുകളുടെ സ്റ്റോക്ക് പരിശോധനയിൽ 6/2016 മുതൽ ലഭ്യമായ മരുന്നുകൾ 2016-17 വർഷത്തേതായി സ്റ്റോക്കിലുണ്ട്. കരാർ തീയതിക്ക് 5 മാസം മുൻപേ തന്നെ സ്റ്റോക്കിൽ മരുന്നുകൾ എടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ജൂൺ മുതൽ മരുന്നുകളുടെ സ്റ്റോക്ക് തീർന്നതിനാൽ ഔഷധിയിൽ നിന്ന് അഡ്വാൻസ് ആയി 200000/- രൂപക്കുള്ള മരുന്നുകൾ ആവശ്യപ്പെട്ട് വരുത്തിയതായും ബാക്കിയുള്ളതിൽ ഇനി 42624/-രൂപക്കുള്ള മരുന്നുകൾ ലഭ്യകാനുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ഔഷധിയുമായി 25/11/16-ൽ ചമച്ചിട്ടുള്ള കരാർ പരിശോധിച്ചതിൽ കരാർ വ്യവസ്ഥകൾ അപൂർണമാണെന്ന് കാണുന്നു. കൈമാറുന്ന തുക, നൽകേണ്ട മരുന്നുകളുടെ ലിസ്റ്റ്, മരുന്നുകൾ നൽകേണ്ട കാലയളവ് എന്നിവ കരാറിൽ ഉൾപ്പെടുത്തിയിട്ടിയിട്ടില്ല.

ത.സ്വ.ഭ.വ സർക്കുലർ 13160/ഡി.എ-1/2010, തീയതി 28/11/2010-ൽ ഔഷധിയു മായി കരാർ പ്രകാരം 60 ദിവസങ്ങൾക്കുള്ളിൽ മരുന്നു നൽകിയില്ലെങ്കിൽ നഷ്ടപരിഹാരം ഈടാക്കേണ്ടതുണ്ട് എന്നു നിഷ്കർഷിക്കുന്നുണ്ട്. സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുമ്പോൾ വ്യവസ്ഥകൾ വ്യക്തമായി ഉൾപ്പെടുത്തി കരാർ ചമക്കേണ്ടതും കരാർ തീയതിക്കകത്ത് സാധനങ്ങൾ ലഭ്യമായില്ലെങ്കിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേ ണ്ടതുമാണ് എന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-4 കൊതുക് നിവാരണ പദ്ധതി – കരാർചട്ടങ്ങൾ പാലിച്ചിട്ടില്ല.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | - | S0150/17 |
| അടങ്കൽ | - | 600000 (വികസനഫണ്ട്) |
| ചെലവ് | - | 187950 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | – | ഹെൽത്ത് സൂപ്പർ വൈസർ. |
| ബിൽ നമ്പർ | – | 10/16-17, 187950 (മരുന്നു വാങ്ങൽ) |

കൊതുക് നിവാരണവും വനിതകൾക്ക് തൊഴിലും എന്ന മേൽ പദ്ധതിയുടെ നടത്തിപ്പിൽ സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ, കരാർചട്ടങ്ങൾ എന്നിവ താഴെ പറയുന്ന വിധം ലംഘിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു.

1. കൊതുക് നിവാരണത്തിനായുള്ള ബയോലാർവിസൈഡ് വെറ്റബിൾ പൗഡർ. എന്ന മരുന്നു വാങ്ങുന്നതിനായി 600000/-രൂപയാണ് അടങ്കൽ നിശ്ചയിച്ചത്. സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖ.7.7-ലെ വ്യവസ്ഥകൾക്കു വിരുദ്ധമായി 1 ലക്ഷത്തിനു മുകളിലുള്ള സാധന സമാഹരണത്തിന് ഓപ്പൺ ടെണ്ടർ സംവിധാനം ഉപയോഗിക്കാതെ ക്വട്ടേഷൻ നടപടികളിലൂടെ സാധനങ്ങൾ വാങ്ങുന്ന രീതിയാണ് അവലംബിച്ചത്.
2. ടെണ്ടർ നോട്ടീസ് മുഖേന വ്യക്തമായ സ്പെസിഫിക്കേഷൻ, അളവ് എന്നിവ പ്രസിദ്ധപ്പെടുത്തി ടെണ്ടർ ഫോം മുഖേന വില ഈടാക്കി നിശ്ചിത പ്രൊഫോർമയിലുള്ള ടെണ്ടർ ഫോം വഴി സാധനങ്ങൾ പർച്ചേസ് ചെയ്യേണ്ടതായിരുന്നു. എന്നാൽ ടെണ്ടർ നടപടികൾ കൂടാതെ 105kg ആണ് വാങ്ങിയത്. ഇതിന് 1790/-രൂപ വച്ച് 187950/- രൂപ ചെലവായിട്ടുണ്ട് .
3. ടെണ്ടർ തുക വ്യക്തമാക്കാതെയാണ് ക്വട്ടേഷൻ ക്ഷണിച്ചത് എന്നതിനാൽതന്നെ ടെണ്ടർ തുകയുടെ 1% EMD ആയി അടക്കണം എന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല. തുക വ്യക്തമാക്കാതെ രണ്ടു സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായ ഇ.എം.ഡി സ്വീകരിച്ചത് ക്രമപ്രകാരമല്ല.
4. 15/11/16-ന് കുറഞ്ഞ തുക ക്വോട്ട് ചെയ്ത വി.ആർ അസോസിയേറ്റ്സുമായി ചമച്ച എഗ്രിമെന്റിൽ കരാർതുകയോ കാലയളവോ മറ്റ് വ്യവസ്ഥകളോ ഒന്നും സൂചിപ്പിച്ചിട്ടില്ല. കരാർ അംഗീകരിക്കാവുന്നതല്ല.

പദ്ധതി നിർവ്വഹണത്തിൽ സാധന സേവന സമാഹരണത്തിന് സ്റ്റോർ പർച്ചേസ് മാന്വൽ ചട്ടങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

## 3-5 പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കുന്നില്ല - മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിപാലിക്കുന്നില്ല-ചട്ട വിരുദ്ധം.

കേരള മുനിസിപ്പാലിറ്റി (എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) റൂൾസ് 1996-ൽ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക മാസാമാസം അടവാക്കുന്നതിനും പെൻഷൻ ആനുകൂല്യങ്ങളും പെൻഷൻ തുകയും വിതരണം ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടുകളും ധനവിനിമയ രേഖകളും പരിശോധിച്ചതിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തുക അടക്കുന്നില്ല എന്നു വ്യക്തമായി. ഇത് താഴെ പറയുന്ന ചട്ട ലംഘനങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

1. കേരള മുനിസിപ്പാലിറ്റി ഡി.സി.ആർ.ബി. റൂൾസ് 1996 റൂൾ 6-ൽ പ്രതിപാദിച്ചിരിക്കുന്ന സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടക്കേണ്ടതായ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ 15% വരുന്ന തുക എല്ലാ മാസവും ജീവനക്കാരുടെ ശമ്പള ബില്ലിനോടൊപ്പം പിൻവലിക്കേണ്ടതും അതതുമാസം 25- ന മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതുമാണ്. എന്നാൽ 2016-17വർഷത്തിൽ പെൻഷൻ കോൺട്രി ബ്യൂഷൻ ഇനത്തിൽ മുനിസിപ്പാലിറ്റി തുകയൊന്നും തന്നെ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടില്ല.
2. 1996-ലെ റൂൾസ് റൂൾ 8 (4), (5), (6) എന്നിവ പ്രകാരം തുക അടവാക്കുന്നതിന കാലതാമസം നേരിടുകയോ അടക്കാതിരിക്കുകയോ ചെയ്യുന്നതിന്ന ഗരകാര്യ ഡയറക്ടറുടെ നിർദേശ പ്രകാരം പലിശ സഹിതം അടവാക്കേണ്ടതും അല്ലാത്ത പക്ഷം മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 309 പ്രകാരമുള്ള നടപടികൾക്ക് വിധേയമാ കേണ്ടതുമുണ്ട്.
3. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാകുന്ന തുക സെക്രട്ടറിയുടെ പേരിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് പെൻഷൻ വിതരണത്തിന് മാത്രമായി ഉപയോഗിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു പെൻഷൻഫണ്ട് നിലവിൽ ഇല്ല എന്ന് ഓഡിറ്റ് എൻക്വയറി 56-ന് മറുപടി നൽകിയിട്ടുണ്ട്.
4. ചട്ട വിരുദ്ധമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ തുക അടക്കാതിരിക്കുന്നതും മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിപാലിക്കാതിരിക്കുന്നതും ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ മുനിസിപ്പൽ ഫണ്ടിൽ നിന്ന് നേരിട്ട് നൽകുന്നതും പ്രത്യേക ഫണ്ടിന്റെ അഭാവത്തിലുള്ള പലിശ നഷ്ടത്തിനും പെൻഷൻ വിതരണത്തിനാവശ്യമായ തുക ലഭ്യമല്ലാത്ത സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിനും തുടർന്നുള്ള നിയമ പ്രശ്നങ്ങൾക്കും ഇടയാക്കുമെന്നും ചട്ടലംഘനത്തിനുള്ള നിയമ നടപടികൾക്ക് വിധേയമാകേണ്ടി വരുമെന്നും വിലയിരുത്തുന്നു. ആയതിനാൽ പെൻഷൻ കോൺട്രിബ്യൂഷൻ എല്ലാമാസവും കൃത്യമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കുന്നതിനും മുനിസിപ്പൽ പെൻഷൻഫണ്ട് പരിപാലിക്കുന്നതിനുള്ള അടിയന്തര നടപടികൾ എടുക്കേണ്ടതാണെന്നും നിർദേശിക്കുന്നു.

## 3-6 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല - തുക പിഴപ്പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്

കേരള ഫിനാൻസ് കോഡ്, കാലാകാലങ്ങളിൽ ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം മുൻകൂറായി നൽകിയിട്ടുള്ള തുകകൾ മൂന്ന മാസത്തിനുള്ളിൽ ക്രമീകരിക്കേ ണ്ടതാണ്.

എന്നാൽ അഡ്വാൻസ് രജിസ്റ്ററിന്റെ പരിശോധനയിൽ താഴെ പറയുന്ന മുൻകുറുകൾ ഓഡിറ്റ് കാലയളവുവരെയും ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അഡ്വാൻസ് നൽകിയ തീയതി | ഉദ്യോഗസ്ഥന്റെ പേര് | ഉദ്ദേശ്യം | വൗച്ചർ നം. | തുക |
|---|---|---|---|---|
| 02.04.16 | യു.റഹീംഖാൻ | Advance for cleaning septic tank | 23/4-16 | 2350 |
| 02.05.16 | പ്രദീപ് കുമാർ | Advance for the maintenance of streetlight | 104/5-16 | 50000 |
| 03.05.16 | സുചിത്ര | Advance for remitting tax for municipal properties | 117/5-16 | 10000 |
| 03.05.16 | റഹീംഖാൻ | Advance for connecting pipes | 118/5-16 | 30000 |
| 12.05.16 | അജയകുമാർ | Advance for earth moving | 136/12-16 | 15000 |
| 20.05.16 | ബിബിൻറോയി | Advance for electrification of office | 144/20-16 | 20000 |
| 31.05.16 | റഹീംഖാൻ | Advance for cleaning market | 166/31-16 | 25000 |
| 24.06.16 | സുചിത്ര | Advance for maintenance at market shopping complex | 270/25.6.16 | 30000 |
| 09.08.16 | ഉഷാറാണി | - | 388/9.8.16 | 10000 |
| 10.08.16 | സുചിത്ര | Advance for file | 394/10.8.16 | 3025 |
| 09.09.16 | പ്രദീപ് കുമാർ | Advance for maintenance of streetlight | 509/9.9.16 | 50000 |
| 04.10.16 | നിഷ | Advance for cutting trees | 560/4.10.16 | 6500 |
| 23.11.16 | രാജൻമൈക്കിൾ | Advance for keralolsavam | 669/11-16 | 10000 |
| 24.11.16 | രാജൻമൈക്കിൾ | “ | 676/11-16 | 50000 |
| 07.12.16 | സുദർശനനൻ | Advance for harithakeralam | 711/11-16 | 45000 |

| | | | | |
|---|---|---|---|---|
| 21.12.16 | രാജൻമൈക്കിൾ | Advance for keralaosvam | 734/12-16 | 10000 |
| 02.03.17 | ബിബിൻറോയി | Advance for purchase of starters | 963/3-17 | 2500 |
| 10.03.17 | ജിജു.പി.പി | Advance for vayomithram | 996/3-17 | 20000 |

നാളിതുവരെയും ക്രമീകരിക്കാത്ത മുൻകൂർ തുകകൾ 18%പിഴപ്പലിശ സഹിതം ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-7 ജനറേറ്റർ -ഡീസൽ നിറയ്ക്കുന്നതിന് കണക്കില്ല

2014-15വർഷത്തെ പ്രോജക്റ്റ് പ്രകാരം വാങ്ങിയ ജനറേറ്ററിന് ഡീസൽ നിറയ്ക്കുന്നതിന് വിവിധ വൗച്ചറുകളിലായി 2016-17സാമ്പത്തിക വർഷം 38304/-രൂപ ചെലവഴിച്ചിട്ടുണ്ട്. 16.02.2016-ലെ മുനിസിപ്പൽ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം ജനറേറ്റർ പ്രവർത്തിച്ച സമയം രേഖപ്പെടുത്തുന്നതിന് ഓവർസിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജനറേറ്റർ പ്രവർത്തിച്ച സമയം, മീറ്റർ റീഡിംഗ് എന്നിവയൊന്നും തന്നെ രേഖപ്പെടുത്തൽ വരുത്താതെ വൗച്ചർ പ്രകാരം തുക ചെലവഴിക്കുന്നതാണ് കാണുന്നത്. ഇത് സംബന്ധിച്ച രജിസ്റ്ററുകളൊന്നും തന്നെ മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.50-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജനറേറ്റർ പ്രവർത്തിച്ച സമയം, മീറ്റർ റീഡിംഗ് എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിക്കേണ്ടതുമാണ്.

## 3-8 ചേമ്പുപണ റോഡ് പാർശ്വഭിത്തി നിർമ്മാണവും ഇന്റർലോക്കിംഗ് ചെയ്യലും - പദ്ധതി നടത്തിപ്പിൽ അപാകം - പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സാധിച്ചില്ല - 10000/- രൂപ പിഴ ഈടാക്കി ഒടുക്കിയ രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. : 14/2017

അടങ്കൽ തുക : 4,00,000/-

ചെലവ് തുക : 2,17,752/-

അളവ് പുസ്തകം നം. : 12/16-17

ബിൽ നം. : PGF/94/16-17 തീയതി. 22.03.17

കോൺട്രാക്ടർ : എം.രമേഷ്, കൊന്നവിളാകത്തുവീട്, മണക്കോട്, പഴകുറ്റി.

2015-16 സാമ്പത്തിക വർഷത്തെ പ്രോജക്റ്റായ ടി പ്രവൃത്തി 2016-17 സ്പിൽ ഓവർ പ്രോജക്റ്റായി നിർവ്വഹിക്കുക യാണുണ്ടായത്. ടി പ്രവൃത്തിയുടെ കരാർ ഉടമ്പടി 17.07.2015-ൽ ചമച്ചതിൻ പ്രകാരം 18.07.2015-ന് site handover ചെയ്തെങ്കിലും ഉടമ്പടി കാലാവധിയായ 3 മാസം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനാൽ 26.03.2016-ന് (5 മാസം കഴിഞ്ഞ്) മുനിസിപ്പൽ എഞ്ചിനീയർ

കോൺട്രാക്ടർക്ക് നോട്ടീസ് അയച്ചു. തുടർന്ന് 20.10.2016-ന് (വീണ്ടും 7 മാസം കഴിഞ്ഞ്) കോൺട്രാക്ടർ നൽകിയ മറുപടിയിൽ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട തർക്കം കാരണമാണ് പ്രവൃത്തി തുടങ്ങാൻ കഴിയാത്തതെന്ന് അറിയിച്ചു. തടസ്സം സംബന്ധിച്ച് 22.09.2016-ന് മുനിസിപ്പൽ കൗൺസിലർ നൽകിയ കത്തിലും ടി വിഷയം സൂചിപ്പിച്ചിരിക്കുന്നു.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116.1, 2116.2 എന്നിവ പ്രകാരം കരാർ കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തി തുടങ്ങുന്നതിനുള്ള പ്രതികൂല സാഹചര്യം റിപ്പോർട്ടു ചെയ്യുകയോ പ്രവൃത്തി തുടങ്ങാതിരിക്കുകയോ ചെയ്താൽ കരാർ റദ്ദാക്കപ്പെടേണ്ടതും പ്രവൃത്തി ആരംഭിക്കാതിരുന്നത് മൂലമുണ്ടായ നഷ്ടം (കരാർ പ്രകാരം) പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കേണ്ടതുമാണ്. എന്നാൽ നഗരസഭാ കൗൺസിലിന്റെ 27.01.2016-ലെ X-ാം നമ്പർ തീരുമാന പ്രകാരം ടി പ്രവൃത്തി സ്പിൽ ഓവർ പ്രോജക്ടായി ചെയ്യുന്നതിന് തീരുമാനിച്ചപ്പോഴും 1000/-രൂപ പിഴ ഈടാക്കി ശ്രീ.രമേഷിനെ പ്രവൃത്തി തുടങ്ങാൻ അനുവദിക്കുകയാണുണ്ടായത്. എന്നാൽ ടി കോൺട്രാക്ടറുമായി സപ്ലിമെന്ററി ഉടമ്പടി വയ്ക്കുകയുണ്ടായില്ല. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 05.10.2016-ൽ പ്രവൃത്തി തുടങ്ങുകയും 02.01.2017-ൽ പ്രവൃത്തി ഭാഗികമായി പൂർത്തിയാക്കി തുക അനുവദിക്കുകയും ചെയ്തു.

*ഓഡിറ്റ് നിരീക്ഷണങ്ങൾ*

1. കരാർ ഉടമ്പടി ചമച്ച് പ്രവൃത്തി സ്ഥലം കോൺട്രാക്ടർക്ക് കൈമാറിയ ശേഷം പ്രവൃത്തി തുടങ്ങിയിട്ടില്ല എന്ന വസ്തുത കരാർ കാലാവധി കഴിഞ്ഞിട്ടും നിർവ്വഹണോദ്യോഗ സ്ഥന്റെ ശ്രദ്ധയിൽപ്പെട്ടില്ല.
2. കേരള പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തി.
3. Land availability, site condition എന്നിവ പഠന വിധേയമാക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തികളുടെ ഭൂമി വിട്ടുകിട്ടേണ്ട നടപടിക്രമങ്ങൾ പൂർത്തിയാക്കാതെയാണ് പദ്ധതി തയ്യാറാക്കിയത്.
4. കരാറുകാരനുമായി Supplementary ഉടമ്പടി വച്ചിട്ടില്ല.
5. മുനിസിപ്പൽ എഞ്ചിനീയറുടെ 28.09.16-ലെ നിർദ്ദേശ പ്രകാരം കാരറുകാരനിൽ നിന്നും 1000/-രൂപ പിഴ ഈടാക്കിയ ശേഷം കാരാറുകാരനുമായി Supplementary agreement വയ്ക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. ടി തുക അന്തിമ ബില്ലിൽ നിന്നും കുറവു വരുത്തിയിട്ടുണ്ടെങ്കിലും മുനിസിപ്പൽ ഫണ്ടിൽ ഒടുക്കു വരുത്തിയ രേഖകൾ ലഭ്യമാക്കിയില്ല.
6. 125 മീറ്റർ നീളത്തിൽ റോഡ് പ്രവൃത്തികൾ ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 70 മീറ്ററിൽ താഴെമാത്രം പ്രവൃത്തി നടത്തുകയും ആയതിന് തുക അനുവദിക്കുകയും ചെയ്തു.

ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പിഴയിനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്ത തുകയായ 1000/-രൂപ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുവരുത്തിയ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 3-9 കണ്ണാറംകോട്-കല്ലടിമുക്ക് നടപ്പാത കോൺക്രീറ്റിംഗ് നടപടി ക്രമങ്ങളിൽ അപാകം- ചെലവ് തുക 473880/- രൂപ തടസ്സത്തിൽ

<u>വയ്ക്കുന്നു.</u>

പ്രോജക്റ്റ് നം. : SO 29/17

അടങ്കൽ തുക : 5,00,000/-

ചെലവ് തുക : 4,73,880/-

ഫണ്ട് : വികസന ഫണ്ട് പൊതു വിഭാഗം

ബിൽ നം. : PFG-37/16-17 തീയതി. 30.11.16

കോൺട്രാക്ടർ : എം.വിജയൻ, ചിറത്തലയ്ക്കൽ വീട്, ആനാട്.

ടെന്റർ കിഴിവ് : 5.1%

2015-16 വർഷത്തിൽ 166/2016 നമ്പരായി തയ്യാറാക്കിയ ടി പദ്ധതിയുടെ കരാർ ഉടമ്പടി 08.02.2016-ൽ വച്ചു. 09.02.2016-ന് പ്രവൃത്തി സ്ഥലം കൈമാറിയ ടി പ്രവൃത്തി ഉടമ്പടി പ്രകാരം 31.03.2016-ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 10 ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ട സ്ഥാനത്ത് 31.03.2016-ന് പോലും പ്രവൃത്തി തുടങ്ങിയില്ല.

2016-17-ൽ ടി പ്രവൃത്തി സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തുകയും 03.05.2016-ൽ തുടങ്ങുകയും 28.05.2016-ൽ (26 ദിവസം കൊണ്ട്) പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. ടി പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എസ്റ്റിമേറ്റ് പുതുക്കിയതിന് കാരണമായി അസി.എഞ്ചിനീയർ പറഞ്ഞിരിക്കുന്നത് - 'പണി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്ഥലം പരിശോധിച്ചതിൽ കുറച്ച് ഭാഗം കുത്തിറക്കവും മഴക്കാലത്ത് ശക്തമായ മഴവെള്ളപ്പാച്ചിലുള്ളതുമായ സ്ഥലമായതിനാൽ ടി ഭാഗത്ത് ഇന്റർലോക്ക് ഇടുകയാണെങ്കിൽ ഇന്റർലോക്ക് ഒഴുകിപ്പോകാനിടയുണ്ട്. അതിനാൽ ടി ഭാഗത്ത് കോൺക്രീറ്റ് ഇടുന്നതാണ് ഉത്തമം' എന്നാണ്. അതിനാൽ 225 മീറ്റർ നീളത്തിൽ ഇന്റർലോക്ക് ബ്ലോക്ക് ഇടാൻ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 129 മീറ്റർ നീളത്തിൽ മാത്രം ഇന്റർലോക്ക് ഇടുകയും ബാക്കി സ്ഥലത്ത് കോൺക്രീറ്റ് ചെയ്യുകയുമാണുണ്ടായത്.

<u>*ഓഡിറ്റ് നിരീക്ഷണങ്ങൾ*</u>

1. Site condition പഠിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

2. പ്രവൃത്തി തുടങ്ങാതിരുന്നതിന് കാരണം രേഖപ്പെടുത്തി അപേക്ഷ നൽകാത്ത സാഹചര്യത്തിൽ കേരള പൊതുമരാമത്ത് മാന്വൽ ചട്ടം 2116.1 പ്രകാരം തുകയുടെ 0.1% തുക ഓരോ ആഴ്ചക്കും (പരമാവധി 10% കരാർ തുക) ലിക്വിഡേറ്റ് ഡാമേജായി ഈടാക്കേണ്ടിയിരുന്നു. എന്നാൽ യാതൊരു വിധ പിഴയും ഈടാക്കിയതായി കാണുന്നില്ല. മാത്രവുമല്ല കരാർ റദ്ദുചെയ്തിട്ടുമില്ല.

3. ടി പ്രവൃത്തി Spill over പ്രോജക്ടായി ചെയ്യുന്നതിനും ടി കോൺട്രാക്ടറെ തന്നെ ഏൽപ്പിക്കുന്നതിനും കൗൺസിലിന്റെ തീരുമാനമുണ്ടായതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 29 തീയതി. 23.08.17) നഗരസഭാ കൗൺസിലിന്റെ 'അഭ്യർത്ഥന' പ്രകാരം DPC യിൽ നിന്നും sanction ലഭിച്ചു എന്ന് അറിയിച്ചെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. ടി സ്പിൽ ഓവർ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രീ.എ.വിജയനെ പ്രവൃത്തി തുടങ്ങുന്നതിന്

അനുവദിച്ചെങ്കിലും Supplementary ഉടമ്പടി ചമച്ചിട്ടില്ല.

5. ഓറിജിനൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി പുതിയ ഇനം ചേർത്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷമാണ് പ്രവൃത്തി തുടങ്ങിയതെങ്കിലും സാങ്കേതികാനുമതി ലഭിക്കാതെയാണ് കോൺട്രാക്ടർക്ക് തുക അനുവദിച്ചത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 29 തീയതി. 23.08.17) തിരക്കുമൂലം ഒപ്പിടാൻ വിട്ടുപോയതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ അപാകത പരിഹരിക്കുകയുണ്ടായില്ല. സാങ്കേതികാനുമതി ലഭ്യമാകാതെ ചെലവു ചെയ്ത തുകയായ 4,73,880/-രൂപ ഓഡിറ്റിൽ തടസ്സം വയ്ക്കുന്നു.

സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

6. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 26 ദിവസം കൊണ്ട് പ്രവൃത്തി പൂർത്തിയായി. ഒറിജിനൽ എസ്റ്റിമേറ്റ് ശരിയായ പഠനത്തിനുശേഷം തയ്യാറാക്കിയിരുന്നെങ്കിൽ ഉടമ്പടി പ്രകാരമുള്ള സമയത്തിനുള്ളിൽ തന്നെ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമായിരുന്നു. പ്രോജക്ട് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ പിഴവാണ് പ്രവൃത്തി വൈകുന്നതിന് കാരണമായത്.

## 3-10 മരാമത്ത് പ്രവൃത്തികൾ - അവലോകനം

2016-17സാമ്പത്തിക വർഷം 184 പ്രവൃത്തികൾ നടപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടി രുന്നത്. മൊത്തം അടങ്കൽ തുക 17,16,78,039/-രൂപ നിശ്ചയിക്കപ്പെട്ടിരുന്ന ടി പ്രവൃത്തികളിൽ 55 പ്രവൃത്തികൾ spill over പ്രോജക്ടുകളാണ്. ലക്ഷ്യമിട്ടിരുന്ന 184 പ്രവൃത്തികളിൽ 5,49,46,648/-രൂപ ചെലവഴിച്ച് 81 പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിക്കുന്നതിന് സാധിച്ചത്. അതായത് മൊത്തം അടങ്കൽ തുകയുടെ 32% മാത്രമാണ് ചെലവഴിക്കുന്നതിന് സാധിച്ചത്. പദ്ധതി ശരിയായ രീതിയിൽ തയ്യാറാക്കി നടപ്പാക്കുന്നതിലുള്ള അപാകങ്ങളാണ് ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്നതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. Site condition, land availability തുടങ്ങിയവ പഠന വിധേയമാക്കാതെയാണ് മിക്ക പ്രോജക്ടുകളും തയ്യാറാക്കിയിരിക്കുന്നത്. തന്മൂലം പ്രോജക്ടുകൾ revise ചെയ്യേണ്ടതായി വരികയോ നിർവ്വഹണ ഘട്ടത്തിൽ തടസ്സം നേരിട്ടതിനാൽ പ്രവൃത്തി നീട്ടിക്കൊണ്ട് പോകേണ്ടതായി വരികയോ ചെയ്തിട്ടുണ്ട്. പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നത് ശരിയായ പഠനത്തിന് ശേഷമാണെന്ന് ഉറപ്പുവരുത്തുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മരാമത്തു പ്രവൃത്തികൾക്കായി വിവിധ അക്കൗണ്ട് ഹെഡുകളിൽ വകയിരുത്തിയതും ചെലവ് ചെയ്തതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതുവിഭാഗം) | 1,43,12,248 | 44,22,838 | 30.9 |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 1,15,76,000 | 18,23,336 | 15.75 |
| 3 | വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 |
| 4 | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ | 6,03,08,944 | 2,52,59,648 | 41.88 |

| | | | | |
|---|---|---|---|---|
| | അവാർഡ്) | | | |
| 5 | വികസന ഫണ്ട് (ലോകബാങ്ക് സഹായം) | 1,80,07,372 | 32,05,534 | 17.8 |
| 6 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 50,00,000 | 0 | 0 |
| 7 | തനത് ഫണ്ട് | 1,61,79,948 | 18,96,884 | 11.72 |
| 8 | മെയിന്റനൻസ് ഫണ്ട് റോഡ് | 2,42,01,794 | 1,19,19,397 | 49.25 |
| 9 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 2,20,91,733 | 64,19,011 | 29 |

## 3-11 കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകങ്ങൾ

പ്രോജക്ട് നം. : SO 109/17

പ്രോജക്ടിന്റെ പേര് : കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ തുക : 1640000/-

ചെലവ് തുക : 1625508/-

ബിൽ നം./തീയതി : KBN 1/16-17, തീയതി. 31.01.17 തുക -106758/-

KBN 9/16-17 തീയതി. 31.01.17 തുക – 1518750/-

16,40,000/-രൂപ വകയിരുത്തി കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും സേവനം മെച്ചപ്പെടുത്തുന്നതിനുമായി വിഭാവനം ചെയ്ത് നടപ്പിലാക്കിയതാണ് മേൽ പദ്ധതി. പ്രസ്തുത പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 5 ലക്ഷം രൂപയും അതിലധികവും അടങ്കൽ വരുന്ന പദ്ധതി നടത്തുന്നതിനായി ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് 2154/എ2/2009. എസ്.പി.ഡി.27.08.2009 പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങൾക്കും സ്റ്റോർ പർച്ചേസ് മാന്വൽ ബാധകമാണ്. എന്നാൽ മേൽ പദ്ധതിയിൽ 5,18,750/- രൂപയുള്ള സാധനങ്ങൾ വാങ്ങുന്നതിനായി ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.
2. പദ്ധതി നടത്തിപ്പുമായി താഴെ പറയുന്ന ഇനങ്ങൾ ഒരു സ്ഥാപനം - KAICO മാത്രമാണ് ക്വാട്ട് ചെയ്തത്.

i) 4 വീലർ പിക്ക്-അപ് വാൻ

ii) പ്രിന്റർ വിത് സ്കാനർ

iii) സ്റ്റീൽ ടേബിൾ

iv) പ്ലാസ്റ്റിക് കസേര

v) ക്യാമറ (വെബ്)

മേൽ സാഹചര്യത്തിൽ റീ-ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ

ആയത് സ്വീകരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് സാധാ.നം.3299/2016. ത.സ്വ.ഭ.വ. തീയതി. 02.12.16 പ്രകാരം ഗവണ്മെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ സാധന സാമഗ്രികൾ വാങ്ങുമ്പോൾ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമേ വാങ്ങാവൂ എന്നും അവർ ഇടനിലക്കാരായി പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായിട്ടാണ് KAICO-യിൽ നിന്നും പ്രസ്തുത സാധനങ്ങൾ വാങ്ങിയിരിക്കുന്നത്.

3. കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ടെണ്ടർ അംഗീകരിക്കപ്പെട്ട വ്യക്തി/സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ RAICO, KAICO എന്നീ സ്ഥാപനങ്ങളുമായി കരാർ ഏർപ്പെട്ടിട്ടില്ല.

## 3-12 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല - അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്റ്റ് നം. : S0144/17

അടങ്കൽ : 100000 (50000- വികസന ഫണ്ട്, 50000- തനതുഫണ്ട്)

ചെലവ് : 100000

നിർവ്വഹണം : ഹെൽത്ത് സൂപ്പർവൈസർ

ബിൽ നമ്പർ : 22/16-17,ചെക്ക് നമ്പർ 865/16.2.17

2016-17 വർഷത്തേക്ക് ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി നഗരസഭയൽ നിന്നും ഒരു ലക്ഷം രൂപ അനുവദിച്ചിരുന്നു. 15/2/17, 16/2/17എന്നീ തീയതികളിലായി തുക ഹോംകോയ്ക്ക് കൈമാറിയിരുന്നു. എന്നാൽ ഇതുവരെ മരുന്ന് ഒന്നുംതന്നെ ലഭ്യമായിട്ടില്ല. ആവശ്യകതാ നിർണയം നടത്തി, പ്രോജക്റ്റ് അംഗീകരിച്ച് മരുന്നുകൾക്കായി തുക കൈമാറിയിട്ടും ലഭ്യമാകാത്തത് പദ്ധതി ലക്ഷ്യം കാണുന്നില്ല എന്നതിലേക്ക് വിരൽ ചൂണ്ടുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് വയറിംഗ്- മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്റ്റ് നം. : S0231/17

അടങ്കൽ : 140000 (വികസന ഫണ്ട് - 135650 + തനത് ഫണ്ട് - 4350)

ചെലവ് : 124000

ബിൽ നം. : 07/16-17, 15/16-17, 19/16-17, 20/16-17

നിർവ്വഹണം : പട്ടികജാതി വികസന ഓഫീസർ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)4/2016/ ത.സ്വ.ഭ.വ.തീയതി.11-01-2016 ഖണ്ഡിക 3-6 പ്രകാരം വീട് വയറിംഗിന് 4000/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. എന്നാൽ മാനദണ്ഡങ്ങളിൽ മെയിൻ സ്വിച്ച്, എർത്തിംഗ്

എന്നിവയ്ക്ക് പുറമേ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തിയിരിക്കണം എന്നും ആയത് വി.ഇ.ഒ./ഓവർസീയർ സാക്ഷ്യപ്പെടുത്തിയിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയും വിധം മാർഗ്ഗരേഖാ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല എന്ന് കാണുന്നു.

1. മീനാക്ഷി, വാർഡ് 10 എന്ന ഗുണഭോക്താവിന് വയറിംഗ് നടത്തിയതിന്റെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
2. താഴെപ്പറയുന്നവർക്ക് മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവയ്ക്ക് പുറമേ മൂന്ന് പോയിന്റ് വയറിംഗ് എന്നതിന് പകരം ബൾബിന്റെ കപ്പാസിറ്റി ആണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | പേര് | വാർഡ്നം | ബൾബിന്റെ ക്ഷമത |
|---|---|---|---|
| 1 | തങ്കമ്മ.സി | 10 | 380 W |
| 2 | ഓമന.കെ | 26 | 440 W |
| 3 | സുമതി | 10 | 140 W |
| 4 | മോളി | 10 | 480 W |
| 5 | പ്രിയ.കെ | 3 | 460 W |
| 6 | വിനീത.എൽ | 3 | 200 W |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 55-ന് കെ.എസ്.ഇ.ബി അധികൃതർ ബൾബിന്റെ കപ്പാസിറ്റി മാത്രം രേഖപ്പെടുത്തിയാണ് ചിലർക്ക് സാക്ഷ്യപത്രം നൽകിയി ട്ടുള്ളതെന്നും പട്ടികജാതിക്കാരായ ഗുണഭോക്താക്കളെ കൂടുതൽ ബുദ്ധിമുട്ടിക്കാതിരിക്കാനാണ് ടി സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചതെന്നും പട്ടികജാതി വികസന ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരം സാക്ഷ്യപത്രത്തിന്റെ അഭാവത്തിലും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും സബ്സിഡി തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല എന്ന് വിലയിരുത്തുന്നു. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കൃത്യമായും പാലിച്ചു വേണം പദ്ധതി നിർവ്വഹണം നടത്തേണ്ടതെന്ന് നിർദ്ദേശിക്കുന്നു.

## 3-14 <u>സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ</u>

ആസൂത്രണം ചെയ്ത 13 പദ്ധതികളിൽ 8 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അടങ്കൽ തുകയുടെ 50% ചെലവു നടത്തിയിട്ടുള്ള പദ്ധതികളിൽ ധനകാര്യ കമ്മീഷൻ വിഹിതം ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. SO 110/17& SO 300/17 എന്നീ പദ്ധതികളിലൂടെ കാഞ്ഞിരംപാറ മാർക്കറ്റിനും, മുത്താംകോണം കമ്മ്യൂണിറ്റി ഹാളിനും സ്ഥലം വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല. പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള ഈ സ്ഥലങ്ങളുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുവാൻ സത്വര നടപടികൾ കൈക്കൊള്ളുവാൻ തയ്യാറാകേണ്ടതുണ്ട്. SO77/17-യിലൂടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി ദിനപത്രങ്ങളിൽ നൽകിയ പരസ്യങ്ങൾക്ക് ജി.ഒ(പി)നം.17/15/ഐ & പി.ആർ.ഡി തീയതി.18.12.15 പ്രകാരം ലഭിക്കേണ്ട 15 % ഡിസ്കൗണ്ടോ ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സർക്കാർ നിരക്കോ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായ നടപടികളിലൂടെ അധികചെലവ് ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി,

| വൗച്ചർ നം. | പത്രത്തിന്റെ പേര് | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക | വ്യത്യാസം |
|---|---|---|---|---|
| 207/07.06.16 | മാതൃഭൂമി | 14880 | 12648 | 2232 |
| 207/07.06.16 | മാതൃഭൂമി | 12400 | 10540 | 1860 |
| 208/07.06.16 | കേരളകൗമുദി | 11000 | 9350 | 1650 |

പദ്ധതികൾക്കായി വകയിരുത്തുന്ന തുകകൾ പൂർണ്ണമായും നിയമപരമായി ചെലവഴിച്ച് ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുവാൻ ഭാവിയിൽ തയ്യാറാകണം.

## 3-15 അങ്കണവാടി ജീവനക്കാർക്കുള്ള അധിക വേതനം - പ്ലാനിംഗ് ഓഫീസർ/ RJD-യുടെ സാക്ഷ്യപത്രമില്ലാതെ പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിച്ചിരിക്കുന്നു

പ്രോജക്ട് നം. : SO303/17

പ്രോജക്ടിന്റെ പേര് : അങ്കണവാടി പ്രവർത്തകർക്ക് വർദ്ധിപ്പിച്ച ഓണറേറിയത്തിനുള്ള നഗരസഭാ വിഹിതം

അടങ്കൽ തുക : 2584200 (വികസന ഫണ്ട് - ജനറൽ)

ചെലവായ തുക : 2480885

ബിൽ നം. : 7/increased honorarium dated 31-03-17

നെടുമങ്ങാട് നഗരസഭയുടെ കീഴിലുള്ള അങ്കണവാടികളിലെ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം നൽകുന്നതിനായി 2480885/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

16.02.16-ലെ ജി.ഒ(ആർ.ടി)636/2016.നമ്പർ ഉത്തരവ് പ്രകാരം അങ്കണവാടി വർക്കർ മാരുടെയും ഹെൽപ്പർമാരുടെയും വേതനം യഥാക്രമം 10000/- രൂപയും 7000/- രൂപയും ആയി വർദ്ധിപ്പിക്കുമ്പോൾ ഇതിലേക്കാവശ്യമായ നിലവിലുള്ള തുകയിൽ നിന്നും വർദ്ധിപ്പിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ ലഭ്യമല്ലെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും ആർ.ജെ.ഡി-യുടെയും സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാന ത്തിൽ വികസന ഫണ്ടിൽ നിന്നോ നൽകണമെന്ന വ്യവസ്ഥയോട് കൂടി അങ്കണവാടി വർക്കർ മാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത പ്രോജക്ടിൽ ജില്ലാ പ്ലാനിംഗ് ഓഫീസർമാരുടെയും ആർ.ജെ.ഡി യുടെയും സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് 2480885/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത്. ആയതിന് ഓഡിറ്റ് എൻക്വയറി നമ്പർ 35-നുള്ള മറുപടിയിൽ ഡി.പി.സി അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്ന് നഗരസഭയിൽ അലോട്ട്മെന്റ് റിക്വസ്റ്റ് കൊടുക്കുകയും അപ്രകാരം ലഭിച്ച തുകയാണ് അങ്കണവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനും അധിക വേതനമായി നൽകിയിട്ടുള്ളതെന്ന് അറിയിച്ചിരിക്കുന്നു. നഗരസഭയുടെ മിനിട്സ് പരിശോധിച്ചതിൽ 24-05-16-ലെ നഗരസഭാ കൗൺസിലിന്റെ മൂന്നാം നമ്പർ തീരുമാന പ്രകാരം വർദ്ധിപ്പിച്ച വേതനം

അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകുന്നതിലേക്ക് നഗരസഭയുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല എന്ന കാരണം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പ്ലാനിംഗ് ഓഫീസറുടെയും ആർ.ജെ.ഡി-യുടെയും സർട്ടിഫിക്കറ്റ് വാങ്ങാതെ തന്നെ പ്ലാൻ ഫണ്ട് ഈ ആവശ്യത്തിന് വിനിയോഗിക്കുന്നതിന് അനുമതി നൽകാനും തീരുമാനിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇത്തരത്തിൽ ഫണ്ട് വകമാറി ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 വിദ്യാസുരക്ഷ (എസ്.എം.എസ്.അലെർട്ട്) - പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ലഭ്യമല്ല- 300000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | വിദ്യാസുരക്ഷ (എസ്.എം.എസ് അലർട്ട്) |
| പ്രോജക്ട് നമ്പർ | : | 196/17 |
| അടങ്കൽ തുക | : | 3,00,00/-(വികസന ഫണ്ട് പൊതു വിഭാഗം സാധാരണം) |
| ചെലവായ തുക | : | 3,00,000/- |
| ബിൽ നം./തിയതി | : | 8/SMS alert amount to IKM തീയതി.15/3/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ. |

നെടുങ്ങാട് നഗര സഭയുടെ പരിധിയിലുള്ള സർക്കാർ സ്കൂളുകളിൽ വിദ്യാസുരക്ഷ പദ്ധതിയുടെ ഭാഗമായി SMS അലേർട്ട് സംവിധാനം നടപ്പിലാക്കുന്നതിനായി 300000/- രൂപ വികസനഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

12.08.2015-ലെ ജി.ഒ.(ആർ.ടി)2486/2015 നമ്പർ ഉത്തരവ് പ്രകാരം വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തു ന്നതിനുവേണ്ടി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സഹായ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റവെയർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിന്യസിക്കുന്നതിന് അനുമതി നൽകുകയും വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരോ 250 കുട്ടികൾക്കും 1000/-രൂപ വീതം വാർഷിക വിഹിതമായി IKM-ന് നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ SMS-നുള്ള ചെലവ്, വിദ്യാർത്ഥികളുടെ ബയോഡേറ്റ രേഖപ്പെടുത്തുന്ന ചെലവ് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

വിദ്യാസുരക്ഷാ പദ്ധതിയുടെ ഭാഗമായി SMS അലേർട്ട് സംവിധാനം നടപ്പിലാ ക്കുന്നതിനായി IKM-ന് software customization charge ഇനത്തിൽ 1,43,750/-രൂപയും (125 unit x1000 = 1250007 service charge+cess), SMS Service Charge ഇനത്തിൽ 1,56,250/-രൂപയും (13587 x 10) = 135870 +service charge+cess) നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടിൽ നഗരസഭയുടെ പരിധിയിലുള്ള എല്ലാ സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ടോ എന്നും ആയത് പ്രകാരം എത്ര കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ഫയലിൽ നിന്ന് വ്യക്തമല്ല. പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതിയുടെയോ ലക്ഷ്യം കൈവരിച്ചതി ന്റെയോ വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.9 പ്രകാരം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമായിട്ടില്ല.

പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ പുരോഗതി സംബന്ധിച്ചോ പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിവരമോ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവായ 300000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സത്തിൽ നിന്ന് ഒഴിവാക്കുന്നതാണ്.

## 3-17 കേരളോത്സവം - മുൻകൂർ തുക ക്രമീകരിക്കാത്തതിനാൽ 95000/-രൂപ തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം കേരളോത്സവത്തിന്റെ നടത്തിപ്പിനായി ശ്രീ.രാജൻ മൈക്കിളിന് താഴെപറയുന്ന തുകകൾ അഡ്വാൻസായി നൽകിയിട്ടുണ്ട്.

| വൗച്ചർ നം. | തുക | ചെക്ക് നം./തീയതി |
|---|---|---|
| 669 | 10000 | 7735 തീയതി. 23.11.2016 |
| 676 | 50000 | 1739 തീയതി. 29.11.2016 |
| 693 | 30000 | 1747 തീയതി. 02.12.2016 |
| 734 | 10000 | 1774 തീയതി. 21.12.2016 |
| 927 | 25000 | 188 തീയതി. 23.02.2017 |
| ആകെ | 125000 | |

10.07.2014-ലെ ജി.ഒ.(ആർ.ടി)1771/14 നമ്പർ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റി കൾക്ക് 1 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ കേരളോത്സവത്തിന്റെ നടത്തിപ്പിനായി ചെലവാക്കാവുന്നതാണ്. എൻക്വയറി നം.46 പ്രകാരം കേരളോത്സവത്തിന്റെ നടത്തിപ്പിനായി 1,25,000/-രൂപ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന്റെ മറുപടിയായി 30,000/-രൂപ 15.02.2017-ലെ 500154 നമ്പർ രസീതി പ്രകാരം തിരികെ നഗരസഭയിൽ ഒടുക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവുകൾ കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ലെന്നും ആയത് ഉടനെ സമർപ്പിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചെലവ് ചെയ്ത് 4 മാസം കഴിഞ്ഞിട്ടും ചെലവ് തുക ക്രമീകരിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ആയതിനാൽ കേരളോത്സവത്തിന്റെ നടത്തിപ്പിനായി ചെലവഴിച്ച 95000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് രേഖകൾ അംഗീകരിച്ച് മുൻകൂർ ക്രമീകരിച്ച് ഹാജരാക്കുന്ന മുറയ്ക്ക് തടസ്സത്തിൽ നിന്ന് ഒഴിവാക്കുന്നതാണ്.

കൂടാതെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വൗച്ചർ നം.693, 927 എന്നിവ പ്രകാരം മുൻകൂറായി നൽകിയ തുകകളുടെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. സർക്കുലർ നം.21384/എ.ബി.3/11/തസ്വഭവ. തീയതി. 04.06.11 പ്രകാരം മുൻകൂർ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ മുൻകൂറുകൾ കൃത്യമായി രേഖപ്പെടുത്താത്തത് കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. അഡ്വാൻസ് രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 തുടർവിദ്യാഭ്യാസ തുല്യതാ പഠനം - രേഖകൾ ലഭ്യമല്ല

പ്രോജക്ട് നം. : S00251/17

പ്രോജക്ടിന്റെ പേര് : തുടർവിദ്യാഭ്യാസ തുല്യതാ പഠനം പത്താംതരം

അടങ്കൽ തുക : 4,00,000/- (തനത് ഫണ്ട്)

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ടിൽ പത്താംതരം തുല്യതാ പഠനത്തിനായി 15 പഠിതാക്കൾക്ക് 1600/- രൂപ വീതവും (കോഴ്സ് ഫീസും പരീക്ഷാഫീസും ഉൾപ്പെടെ) 12-ാം തരം തുല്യതാ പഠനത്തിനായി 6 പഠിതാക്കൾക്ക് 1950/-രൂപ വീതവും (കോഴ്സ് ഫീസും പരീക്ഷാഫീസും ഉൾപ്പെടെ) നൽകിയിട്ടുണ്ട്. എന്നാൽ സാക്ഷരതാ മിഷന് 35700/-രൂപ (6x1950+15x1600) നൽകിയതിന്റെ യാതൊരു രേഖയും ഫയലിൽ ലഭ്യമായിട്ടില്ല. സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് തുട ട്രാൻസ്ഫർ ചെയ്യുന്നതിനായി അക്കൗണ്ടിന്റെ വിവരങ്ങൾ ട്രഷറിയ്ക്ക് നൽകിയതിന്റെ പകർപ്പ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ട്രഷറി ട്രാൻസ്ഫർ രസീതോ തുക കൈപ്പറ്റിയതിന്റെ രസീതോ ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നമ്പർ 9 പ്രകാരം രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും തുക കൈമാറിയത് സെക്രട്ടറിയുടെ ഓഫീസിൽ നിന്നായതിനാൽ രേഖകൾ സെക്രട്ടറിയുടെ പക്കലാണെന്ന മറുപടിയാണ് ലഭ്യമായത്.

കൂടാതെ പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ വിവരവും ഫയലിൽ ലഭ്യമായിട്ടില്ല. സർക്കുലർ നം.48360/FM/2009/തസ്വഭവ.തീയതി.06-10-2009 പ്രകാരം പട്ടിക ജാതി/പട്ടികവർഗ്ഗക്കാർ ഒഴികെയുള്ള വിഭാഗങ്ങളിലെ വനിതകൾ, പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾ മുതലായവരുടെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റുള്ളവരുടെയും കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നിവ നഗരസഭയ്ക്ക് വഹിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷകരുടെ വിവരങ്ങൾ അടങ്ങിയ രേകഖൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.9 പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപേക്ഷയുടെ ഒന്നാം പേജിന്റെ പകർപ്പും 12-ാം ക്ലാസ് തുല്യതാ പഠനത്തിൽ ഉൾപ്പെട്ടവരുടെ ഹാൾടിക്കറ്റിന്റെ പകർപ്പുമാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ പഠിതാക്കൾ ഏത് വിഭാഗത്തിൽപെട്ടവരാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ല.

പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുക ട്രഷറിയിൽ നിന്ന് നൽകിയതിന്റെ രേഖകളും ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 അക്കാഡമിക് കൗൺസിൽ പ്രവർത്തനങ്ങൾ - പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധം

പ്രോജക്ട് നമ്പർ : SO130/17

പ്രോജക്ടിന്റെ പേര് : അക്കാഡമിക് കൗൺസിൽ പ്രവർത്തനങ്ങൾ

അടങ്കൽ തുക : 500,00/-(വികസന ഫണ്ട് - പൊതു വിഭാഗം)

ചെലവായ തുക : 4,58,852/-

ബിൽ നം./തിയതി : 3/Bill for Academic Council works dt.06.07.17 for 15500/-
6/Bill for Academic Activities dt.28.02.17 Rs.58810/-
7/Bill for Academic Activities dt.28.02.17 Rs.135921/-
9/Bill for Academic Activities dt.24.03.17 Rs.231121/-
10/Bill for Academic Activities dt.24.03.17 Rs.17500/-

ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയിൽ കൗൺസിലിംഗ് ക്ലാസുകൾ, ഈവനിംഗ് ക്ലാസുകൾ/Refreshment, പഠനോപകരണങ്ങൾ വാങ്ങൽ, ക്ലാസ് റൂം മെച്ചപ്പെടുത്തൽ, സ്മാർട്ട് ക്ലാസ് റൂം മെച്ചപ്പെടുത്തൽ, SSLC-യ്ക്ക് സ്പെഷ്യൽ ക്ലാസ് എന്നീ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

*എ) <u>മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചിരിക്കുന്നു.</u>*

പ്രസ്തുത പ്രോജക്ടിൽ SSLC കുട്ടികൾക്കായുള്ള ഈവനിംഗ് ക്ലാസുകളിൽ റിഫ്രഷ്മെന്റിനായി 1,54,614/-രൂപയും Maths Club Activity-യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉച്ചഭക്ഷണത്തിന് 10000/-രൂപയും പഠനയാത്രയ്ക്കുള്ള വാഹന വാടകയിനത്തിൽ 28525/- രൂപയും ചെലവാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം റിഫ്രഷ്മെന്റിനും പഠനയാത്രയ്ക്കുള്ള വാഹന വാടകയ്ക്കും തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രസ്തുത പ്രവർത്തനങ്ങൾക്ക് ചെലവായ 193139/-രൂപ ആകെ ചെലവായതിന്റെ 40 ശതമാനത്തിലധികമാണ്.

*ബി) <u>ടെണ്ടർ നടപടികൾ പാലിക്കാതെ ലൈബ്രറി പുസ്തകങ്ങൾ വാങ്ങിയിരിക്കുന്നു.</u>*

പ്രസ്തുത പദ്ധതിയിൽ നഗരസഭയുടെ പരിധിയിലുള്ള വിവിധ സ്കൂളുകളിൽ 106297/- രൂപയ്ക്ക് ലൈബ്രറി പുസ്തകങ്ങളും 92400/-രൂപയ്ക്ക് ലൈബ്രറി ഷെൽഫുകളും വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവുകൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളത്.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013-ലെ ഖണ്ഡിക 6.1 പ്രകാരം വർഷാരംഭത്തിന് മുമ്പ് വാർഷിക ആവശ്യകതാ നിർണ്ണയം നടത്തിയതിന് ശേഷമേ ഒരു ലക്ഷം രൂപയ്ക്കും അതിന് മുകളിലുമുള്ള വാങ്ങലുകൾ നടത്താൻ പാടുള്ളൂ എന്നും, ഖണ്ഡിക 7.7 പ്രകാരം പ്രസ്തുത വാങ്ങലുകൾ ടെണ്ടർ മുഖേന ആയിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടിൽ 1,06,297/-രൂപയ്ക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങിയത് ടെണ്ടർ മുഖേനയല്ല. ഓഡിറ്റ് എൻക്വയറി 9 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി മുനിസിപ്പാ ലിറ്റിയുടെ പരിധിയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് വേണ്ടിയുള്ള ചർച്ചയിൽ അതാത് സ്കൂളുകളിലെ മേലധികാരികൾക്ക് ആയത് വാങ്ങുന്നതിന് വേണ്ടിയുള്ള അനുമതി നൽകുകയും അവർ 30%-ൽ കൂടുതൽ കമ്മീഷൻ ലഭിച്ച് ബുക്കുകൾ വാങ്ങി ബില്ലുകൾ സമർപ്പിച്ചിട്ടുള്ളതായും അറിയിച്ചിരിക്കുന്നു.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുമ്പോൾ അദ്ധ്യാപനത്തിന്റെയും പഠനത്തിന്റെയും ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ വിദ്യാഭ്യാസം

എന്നിവയുമായി ബന്ധപ്പെട്ട പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് തുക ചെലവഴിക്കുവാനും കൂടതെ 1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പർച്ചേസുകളും ടെണ്ടർ നടപടിക്രമങ്ങളിലൂടെ നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-20 അങ്കണവാടികളുടെ പ്രവർത്തനാവലോകനം

നെടുമങ്ങാട് നഗരസഭാ പരിധിയിൽ 59 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയവയിൽ 9 അംഗനവാടികൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാ അംഗനവാടി കളിലും കുടിവെള്ള സൗകര്യവും വൈദ്യുതിയും ഗ്യാസ് കണക്ഷനുമുണ്ട്. എന്നാൽ 29 അംഗനവാടികൾ ചുറ്റുമതിൽ ഇല്ലാതെയാണ് പ്രവർത്തിയ്ക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ അംഗനവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

ഭൂരിഭാഗം അംഗനവാടികളിലും 10 മുതൽ 20 കുട്ടികൾ ഹാജരാകുന്നുണ്ട്. നഗരസഭയുടെ പരിധിയിലുള്ള എല്ലാ അംഗനവാടികളിലും കൂടി ആകെ 580 കുട്ടികൾ ഹാജരാകുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറി 22-നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

23.03.2011-ലെ 31055/ഡി.ഡി.2/2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അംഗനവാടികളിൽ മതിയായ സുരക്ഷാ സംവിധാനങ്ങൾ തദ്ദേശ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 25 അംഗനവാടികളിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്. കൂടാതെ വരുംവർഷങ്ങളിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം വാങ്ങുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-21 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി-ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ രേഖകൾ ലഭ്യമല്ല.

പ്രോജക്ട് നമ്പർ : 127/17

പ്രോജക്ടിന്റെ പേര് : അനുപൂരക പോഷകാഹാര പദ്ധതി

അടങ്കൽ തുക : 5787975/- (വികസന ഫണ്ട് - 4000000/-, കേന്ദ്രാവിഷ്കൃത പദ്ധതി - 1787925/-)

ചെലവായ തുക : 4586924/- (വികസന ഫണ്ട് - 4000000/-, കേന്ദ്രാവിഷ്കൃത പദ്ധതി - 586924/-)

ബിൽ നം./തീയതി: 3/Supplementary Nutritionതീയതി. 29.11.16 Rs.1752804/-

8/SNP തീയതി. 22.03.17 Rs.2247196/-

നെടുമങ്ങാട് നഗരസഭയിലെ അംഗനവാടി അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്ന ആഹാരസാധനങ്ങളുടെ ഗുണമേന്മ വിലയിരുത്തുന്നതിനായുള്ള പ്രവർത്തനങ്ങളുടെ രേഖകൾ ഫയലിൽ ലഭ്യമല്ല.

11.06.16-ലെ ജി.ഒ.(എം.സ്)4/16 പ്രകാരം അംഗനവാടി വെൽഫയർ കമ്മിറ്റിയ്ക്ക് പുറമേ വാർഡ് സഭാംഗങ്ങളിൽ നിന്ന് 5 പേരടങ്ങുന്ന നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണമെന്നും പ്രസ്തുത

കമ്മിറ്റി എല്ലാ മാസവും അങ്കണവാടികൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി നഗരസഭയ്ക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.23-നുള്ള മറുപടിയായി Anganawadi level Monitoring & Supporting Committee രൂപീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റി അംഗനവാടി കൾ സന്ദർശിച്ച് വിലയിരുത്തുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു. ഇനിമേൽ കമ്മിറ്റി അടിയന്തിര മായി കൂടി റിപ്പോർട്ടുകൾ നഗരസഭയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കൂടാതെ THRS ഭക്ഷ്യ മിശ്രിതം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയ മാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമായിട്ടില്ല. ആയതിനുള്ള വിശദീകരണം എൻക്വയറി നം.23 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്നും ഗുണനിലവാരം തൃപ്തികരമാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

അംഗനവാടികളിൽ നിന്ന് വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും കർത്തവ്യമാണ്. ആയതിനാൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതും ആയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 3-22 വികലാംഗർക്ക് ട്രൈസ്കൂട്ടർ–രേഖകൾ ലഭ്യമല്ല 153164/-രൂപ തടസ്സത്തിൽ വയ്ക്കുന്നു

*എ) പ്രോജക്ട് നമ്പർ : SO239/17*

പ്രോജക്ടിന്റെ പേര് : പട്ടികജാതിക്കാരായ വികലാംഗർക്ക് ട്രൈസ്കൂട്ടർ സഹായ ഉപകരണങ്ങൽ
സാമ്പത്തിക സഹായം നൽകൽ

അടങ്കൽ തുക : 469050/-[വികസന ഫണ്ട് (SCP)]

ചെലവായ തുക : 76582/-

ബിൽ നം./തീയതി : 10/Tri Scooter for Disabled (SCP) തീയതി. 31.03.17

നിർവ്വഹണ ഉദ്യോഗസ്ഥൻ : ICDS സൂപ്പർവൈസർ

*ബി) പ്രോജക്ട് നമ്പർ : SO309/17*

പ്രോജക്ടിന്റെ പേര് : 12 വികലാംഗർക്ക് ട്രൈസ്കൂട്ടർ

അടങ്കൽ തുക : 1080000/- [വികസന ഫണ്ട് -1050000/-, തനത് ഫണ്ട് -30000/-)

ചെലവായ തുക : 76582/-

ബിൽ നം./തീയതി : 11/Tri Scooter for Disabled for general, തീയതി. 31.03.17

നിർവ്വഹണ ഉദ്യോഗസ്ഥൻ : ICDS സൂപ്പർവൈസർ

പട്ടികജാതിയിൽപ്പെട്ട 5 വികലാംഗർക്ക് ട്രൈസ്കൂട്ടർ, സഹായ ഉപകരണവും സാമ്പത്തിക സഹായവും നൽകുന്നതിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഒരു ഗുണഭോക്താവിന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ട്രൈസ്കൂട്ടർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും, 4 സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ലഭിക്കുകയും ചെയ്തു. ആയതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത TVS Scooty Pep (60387/-രൂപ) എന്ന സ്ഥാപനത്തെ ഒഴിവാക്കി 2nd ലോവസ്റ്റ് ക്വാട്ട് ചെയ്ത Honda Activa I (76582/-രൂപ) എന്ന സ്ഥാപനത്തിൽ നിന്നാണ് ട്രൈസ്കൂട്ടർ വാങ്ങിയിട്ടുള്ളത്. കൗൺസിലിന്റെ പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള ഹോണ്ട ആക്ടീവ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുവാൻ തീരുമാനിച്ചതായി നഗരസഭാ കൗൺസിലിന്റെ 30.03.17-ലെ vi(1)-ാം നമ്പർ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരാമർശിക്കപ്പെടുന്ന 'ഗുണമേന്മ' വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമായിട്ടില്ല. ആയതിനുള്ള വിശദീകരണം ഓഡിറ്റ് എൻക്വയറി നം.28 പ്രകാരം ആവശ്യപ്പെട്ടതിന് ഹോണ്ട ആക്ടീവയുടെ Brochure-ന്റെ പകർപ്പാണ് ലഭ്യമാക്കിയത്.

കൂടാതെ SO239/17 നമ്പർ പ്രോജക്ടിൽ ഗുണഭോക്താവായ ശ്രീ.ചെല്ലപ്പന്റെ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പും വാങ്ങിയ വാഹനത്തിന്റെ RC ബുക്കിന്റെ പകർപ്പും ഫയലിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.28 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമായിട്ടില്ല. ആയതിനാൽ ഗുണഭോക്താവിന് ലൈസൻസ് ഉണ്ടായിരുന്നോ എന്നും ടിയാന് സ്കൂട്ടർ ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല.

ആയതിനാൽ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം ചെലവായ 153164/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. ശ്രീ.ചെല്ലപ്പന് ലഭിച്ച വാഹനത്തിന്റെ RC ബുക്കിന്റെ പകർപ്പും ടിയാന്റെ ലൈസൻസിന്റെ പകർപ്പും വാങ്ങിയ വാഹനത്തിന്റെ ഗുണമേന്മ സംബന്ധിച്ച വിവരവും ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## **3-23** പൂളിഞ്ചി-ഉമ്മൻകോട് കരിമ്പിൻകോണം റോഡ് കോൺക്രീറ്റിംഗ്- എസ്റ്റിമേറ്റ് റിപ്പോർട്ടിന് വൈരുദ്ധ്യമായ പ്രവൃത്തിയ്ക്ക് അധിക നിരക്ക് നൽകി - **20790** രൂപ നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ : SO43/2017

അടങ്കൽ തുക : 7,20,000/-

ചെലവായ തുക : 6,38,986/-

കോൺട്രാക്ടർ : എ.വിജയൻ (10.1% below)

എം.ബുക്ക് : 125/15-16

എസ്റ്റമേറ്റ് ആധാരം : DSR 2014

ഫണ്ടിനം : തനത് ഫണ്ട്

